# സ്റ്റാൻഡേർഡ് – X
# സാമൂഹ്യശാസ്ത്രം

# ആമുഖം

കൊല്ലം ജില്ലാ പഞ്ചായത്തും വിദ്യാഭ്യാസ വകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുള്ള പഠന സാമഗ്രിയാണ് **'ഉജ്ജ്വലം'**. എസ്.എസ്.എൽ.സി. റിസൾട്ട് മെച്ചപ്പെടുത്തുക എന്നതാണ് ഇതിന്റെ പ്രാഥമികമായ ഉദ്ദേശ്യം. അധ്യാപകരിലൂടെ വിദ്യാർത്ഥികളിലേയ്ക്ക് പഠനപ്രവർത്തനങ്ങൾ എത്തിക്കുക എന്നതാണ് ഈ പഠനസാമഗ്രി ലക്ഷ്യമിടുന്നത്. സാധാരണഗതിയിൽ നടക്കേണ്ട സ്കൂൾ പ്രവർത്തനങ്ങൾ കോവിഡ് കാലഘട്ടത്തിൽ മുടങ്ങിയിട്ടുണ്ട്. നവമാധ്യമ കൂട്ടായ്മകളിലൂടെയും ഭാഗികമായ അധ്യയനദിനങ്ങളിലൂടെയും അധ്യാപകർക്ക് ഇതിലെ ആശയങ്ങൾ പകർന്നുനൽകാൻ കഴിയും. കൂടുതൽ A+, കൂടുതൽ വിജയികൾ എന്നതാണ് **'ഉജ്ജ്വല'**ത്തിന്റെ പ്രധാനലക്ഷ്യം. ഈ വർഷം നിങ്ങളുടെ മുന്നിലെത്തുന്നത് **'ഉജ്ജ്വല'**ത്തിന്റെ പരിഷ്കരിച്ച പതിപ്പാണ്. എല്ലാ വിഭാഗത്തിലുമുള്ള കുട്ടികളെ പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയ ഈ പതിപ്പിൽ അധ്യാപകരുടെ സ്വതന്ത്രമായ ഇടപെടലും കൂട്ടിച്ചേർക്കലുകളും ഉൾപ്പെടുത്താവുന്നതാണ്. കുട്ടികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാകാത്ത വിധത്തിൽ മറ്റ് അധ്യാപകരോടും (SRG) കൂടി ആലോചിച്ചുമാത്രമേ പഠനപ്രവർത്തനങ്ങൾ നൽകാവൂ. പഠനപ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുകയും ഫീഡ്ബാക്ക് നൽകുകയും ചെയ്യുമല്ലോ. പ്രതീക്ഷിത അക്കാദമിക ദിനങ്ങളിൽ ഇതു പ്രയോജനപ്പെടുത്തിയുള്ള യൂണിറ്റ് ടെസ്റ്റ് സാധ്യതകളും പരിഗണിക്കാവുന്നതാണ്. പരിമിതികൾക്കിടയിലും ആർജവത്തോടെ അക്കാദമിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ആശംസകൾ നേർന്നുകൊണ്ട്.

വിജയാശംസകളോടെ,

**സി. രാധാമണി**
പ്രസിഡന്റ്, കൊല്ലം ജില്ലാ പഞ്ചായത്ത്

**ശ്രീലേഖ വേണുഗോപാൽ**
ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത്, കൊല്ലം

**സുബിൻ പോൾ**
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

**ഡോ. എസ്. ഷീജ**
പ്രിൻസിപ്പാൾ-ഇൻ-ചാർജ്, ഡയറ്റ് കൊല്ലം.

# തയ്യാറാക്കിയവർ

1. **ശ്രീമതി ജയകുമാരി എസ്.**
   എച്ച്.എസ്.റ്റി., ജി.വി.എച്ച്.എസ്.എസ്. ചാത്തന്നൂർ
2. **ശ്രീമതി ഡയാന എസ്.**
   ജി.എം.ബി.എച്ച്.എസ്.എസ്. കൊല്ലം
3. **ശ്രീ. എം. ശ്രീകുമാരൻ**
   എച്ച്.എസ്.റ്റി.(റിട്ട.), വി.വി.എച്ച്.എസ്.എസ്. പോരേടം
4. **ശ്രീ. ജയസേന കുറുപ്പ് സി.**
   എച്ച്.എസ്.റ്റി.(റിട്ട.), എൻ.ജി.പി.എം.എച്ച്.എസ്.എസ്. വെഞ്ചേമ്പ്
5. **ശ്രീമതി ജയകുമാരി അമ്മ എസ്.**
   എച്ച്.എസ്.റ്റി., ബി.എച്ച്.എസ്. തേവലക്കര
6. **ശ്രീമതി ജയശ്രീ കെ.**
   എച്ച്.എസ്.റ്റി., ജി.വി.എച്ച്.എസ്.എസ്. കൊറ്റംകുളങ്ങര
7. **ശ്രീ. റെജിവർഗ്ഗീസ്**
   എച്ച്.എസ്.റ്റി., ജെ.എം.എച്ച്.എസ്. ശാസ്താംകോട്ട
8. **ശ്രീ. വി. ഗോപകുമാർ**
   എച്ച്.എസ്.റ്റി., എച്ച്.എസ്. ഫോർ ഗേൾസ് കരുനാഗപ്പള്ളി
9. **ശ്രീ. മധുസൂദനൻപിള്ള**
   എച്ച്.എസ്.റ്റി., ജി.എച്ച്.എസ്. പൂയപ്പള്ളി
10. **ശ്രീ. ഷിനു വി. രാജ്**
    എച്ച്.എസ്.റ്റി., ഇ.വി.എച്ച്.എസ്.എസ്. നെടുവത്തൂർ
11. **ശ്രീ. പ്രദീപ് ബി.**
    എച്ച്.എസ്.റ്റി., ജി.എച്ച്.എസ്.എസ്. പുത്തൂർ

**അക്കാദമിക മേൽനോട്ടം:**

**ശ്രീ. ജി.പി. ഗോപകുമാർ**
സീനിയർ ലക്ചറർ, ഡയറ്റ്, കൊട്ടാരക്കര

# സാമൂഹ്യശാസ്ത്രം ഒന്ന്

1 ലോകത്തെ സ്വാധീനിച്ച വിപ്ളവങ്ങൾ

2 ലോകം ഇരുപതാം നൂറ്റാണ്ടിൽ

3 പൊതുഭരണം

4 ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നില്പും

5 സംസ്കാരവും ദേശീയതയും

6 സമരവും സ്വാതന്ത്ര്യവും

7 സ്വാതന്ത്ര്യാനന്തര ഇന്ത്യ

8 കേരളം ആധുനികതയിലേക്ക്

9 രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

10 പൗരബോധം

11 സാമൂഹ്യശാസ്ത്രം – എന്ത് ? എന്തിന് ?

# സാമൂഹ്യശാസ്ത്രം രണ്ട്


1 ഋതുഭേദങ്ങളും സമയവും

2 കാറ്റിന്റെ ഉറവിടം തേടി

3 മാനവവിഭവശേഷം വികസനം ഇന്ത്യയിൽ

4 ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

5 പൊതുചെലവും പൊതുവരുമാനവും

6 ആകാശകണ്ണുകളും അറിവിന്റെ വിശകലനവും

7 വൈവിധ്യങ്ങളുടെ ഇന്ത്യ

8 ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം

9 ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

10 ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും

അധ്യായം-1

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

## ആമുഖം

ലോകജനത പലകാലങ്ങളിലും പലസ്ഥലങ്ങളിലും അസ്വാതന്ത്രത്തിന്റെ കയ്പുനീർ കുടിച്ചു കഴിയുവാൻ വിധിക്കപ്പെട്ടിരുന്നു. സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ജനതക്ക് അത് നേടിയെടുക്കുവാൻ പല സമരമാർഗങ്ങളും സ്വീകരിക്കേണ്ടി വന്നു. ഇതിനായി ചിലർ സായുധസമരത്തിന്റെ കൊടുങ്കാറ്റ് തെരഞ്ഞെടുത്തപ്പോൾ മറ്റു ചിലർ സഹനസമരത്തിന്റെ പാത സ്വീകരിച്ചു. സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കുന്ന നിലവിലുള്ള വ്യവസ്ഥിതിയെ മാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കലായിരുന്നു ഇവയുടെ ലക്ഷ്യം.അതുകൊണ്ടു അവയെ വിപ്ളവങ്ങൾ എന്നു അറിയപ്പെട്ടു. പതിനെട്ടും പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ ലോകത്തുണ്ടായ വ്യത്യസ്ത വിപ്ലവങ്ങളെ പഠനവിധേയമാക്കുകയാണ് ഈ യൂണിറ്റിൽ.

### പ്രധാന ആശയങ്ങൾ

1 അമേരിക്കൻ സ്വാതന്ത്ര്യസമരം
2 ഫ്രഞ്ച് വിപ്ലവം
3 ലാറ്റിൻ അമേരിക്കൻ വിപ്ലവം
4 റഷ്യൻ വിപ്ലവം
5 ചൈനീസ് വിപ്ലവം

## ചോദ്യങ്ങൾ

1 ലോകത്തെ സ്വാധീനിച്ച ആദ്യകാല വിപ്ലവങ്ങൾക്ക് പ്രേരകമായ പ്രധാനഘടകം ഏത് ? (1)
2 ''ഫ്രാൻസ് തുമ്മിയാൽ യുറോപ്പിനാകെ ജലദോഷം പിടിക്കും'' എന്ന പ്രസ്താവന ആരുടേത്? (1)
3 പ്രാതിനിധ്യം ഇല്ലാതെ നികുതിയില്ല എന്ന മുദ്രാവാക്യം ഏത് സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിരിക്കുന്നു? (1)
4 ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള ഒരു സാമൂഹിക ഉടമ്പടിയുടെ ഫലമാണ് ഭരണകൂടം എന്ന് അഭിപ്രായപ്പെട്ട ചിന്തകൻ ആരാണ്? (1)
5 കോമൺസെൻസ് എന്ന ലഘുലേഖയുടെ കർത്താവ് ആരാണ്? (1)
6 ജ്ഞാനോദയ ചിന്തകർ പ്രചരിപ്പിച്ച ആശയങ്ങൾ എന്തെല്ലാം ? (3)
7 അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുക? (3)
8 അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ വ്യവസ്ഥകൾ എന്തെല്ലാം? (3)
9 അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽകാല ലോക ചരിത്രത്തിൽ ചെലുത്തിയ സ്വാധീനങ്ങൾ എന്തെല്ലാം? (4)
10 ഫ്രഞ്ച് വിപ്ലവത്തിന്റെ കാരണങ്ങൾ എന്തെല്ലാം.? (4)
11 സ്വേച്ഛാധിപത്യത്തിനെതിരെ നടന്ന ഫ്രഞ്ച് വിപ്ലവം ഒടുവിൽ ഏകാധിപത്യത്തിൽ അവസാനിച്ചത് എങ്ങനെ? (4)

12 കറുപ്പ് വ്യാപാരം തുറന്ന വാതിൽ നയം എന്നിവ വഴി യൂറോപ്യർ ചൈനയിൽ ആധിപത്യം സ്ഥാപിച്ചത് എങ്ങനെ ? (4)

13 ചേരുംപടി ചേർക്കുക (4)

| | |
|---|---|
| ലെനിൻ | വാട്ടർ ലൂ |
| നെപ്പോളിയൻ | ബോൾഷെവിക് |
| തോമസ് പെയിൻ | കുമിന്താങ്ങ് |
| സൺയാത് സെൻ | കോമൺസെൻസ് |

14 സർ ചക്രവർത്തിമാരിൽ നിന്നും ഭരണം പിടിച്ചെടുക്കാൻ വിപ്ലവകാരികളെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം.? (3)

15 1917 ലെ റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ എന്തെല്ലാം.? (4)

16 റഷ്യയുടെ ചരിത്രത്തിൽ ഒക്ടോബർ വിപ്ലവത്തിനുള്ള പ്രാധാന്യം എന്ത്.? (4)

17 ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം വ്യക്തമാക്കുക.? (6)

18 ലാറ്റിൽ അമേരിക്കൻ വിപ്ലവം ലക്ഷ്യമിട്ടത് സ്വാതന്ത്ര്യം മാത്രമല്ല ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ഉയിർത്തെഴുന്നേൽപ് കൂടിയായിരുന്നു. സമർത്ഥിക്കുക. (6)

19 റഷ്യയിൽ ബോൾഷെവിക്കുകൾ അധികാരത്തിൽ വരാൻ ഇടയായ സാഹചര്യങ്ങൾ വിശദമാക്കുക?

20 ഫെബ്രുവരി വിപ്ലവവും ഒക്ടോബർ വിപ്ലവവും സോവിയറ്റ് യൂണിയന്റെ രൂപീകരണത്തിനു വഴി തെളിച്ചതു എങ്ങനെ? (6)

21 നെപ്പോളിയന്റെ പരിഷ്കാരങ്ങളെ ഫ്രഞ്ച് വിപ്ലവം സ്വാധീനിച്ചതു എങ്ങനെ? (6)

22 അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ പല ആശയങ്ങളും ഇന്ത്യൻ ഭരണവ്യവസ്ഥയുടെ സ്വീകരിച്ചിട്ടുണ്ട്. അവ ഏതെല്ലാം.? (6)

23 അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണം ഫ്ളോ ചാർട്ടിലൂടെ വ്യക്തമാക്കുക? (6)

24 മാവോസേതൂങ്ങിന്റെ നേതൃത്വത്തിൽ ചൈന ജനകീയ റിപ്ലബ്ലിക് ആയത് എങ്ങനെ? (6)

## ഉത്തരസൂചിക

1 നവോത്ഥാനം

2 മെറ്റേർണിക്

3 അമേരിക്കൻ സ്വാതന്ത്ര്യസമരം

4 റൂസ്സോ

5 തോമസ് പെയിൻ

6 ജനാധിപത്യം, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം

7 1 ഇംഗ്ലീഷ്കാരുടെ തെറ്റായ നികുതിനയം

2 മെർക്കന്റെ ലിസ്റ്റ് നിയമങ്ങൾ

3 ചിന്തകൻമാരുടെ ആശയങ്ങൾ

8 1 എല്ലാ മനുഷ്യരും തുല്യരാണ്

2 എല്ലാവർക്കും ചില അവകാശങ്ങൾ ഉണ്ട്.

3 ഭരണകൂടം ജനങ്ങൾക്കെതിരെ പ്രവർത്തിക്കുകയാണെങ്കിൽ അതിനെ പിരിച്ചു വിടാനുള്ള അധികാരം ജനങ്ങൾക്കുണ്ട്.

9 പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.

- മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി
- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടു വച്ചു
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അംഗീകാരവും നൽകുന്ന ഫെഡറൽ ആശയം ലോകത്തിനു നൽകി.

10 രാജാക്കൻമാരുടെ സ്വേഛാധിപത്യഭരണം രാജാക്കൻമാരുടെ ആഡംബരവും ധൂർത്തും ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വം ചിന്തകൻമാരുടെ സ്വാധീനം

11 യൂറോപ്യൻ യൂണിയൻ ഫ്രാൻസിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. യൂറോപ്യൻ സഖ്യത്തെ നെപ്പോളിയന്റെ നേതൃത്വത്തിലാണ്.യൂറോപ്യൻ യൂണിയനെ തോൽപ്പിച്ച് 1799 ൽ നോപ്പോളിയൻ ഭരണാധികാരം കൈയടക്കി.

നെപ്പോളിയൻ സ്വേഛാധിപതിയായി ഭരണം നടത്തി.

12 **കറുപ്പ് വ്യാപാരം**

ചൈനീസ് ജനതയുടെ മാനസിക ശാരീരിക നിലയെ പ്രതികൂലമായി ബാധിച്ചു.
സാമ്പത്തികമായും മാനസികമായും ചൈനക്കാർ അടിമത്വത്തിലായി.

**തുറന്ന വാതിൽ നയം**

തുറന്ന വാതിൽ നയത്തിലൂടെ ചോന വിവിധ രാജ്യങ്ങളുടെ സ്വാധീന മേഖലകശായി വിഭജിക്കപ്പെട്ടു. ചൈനയുടെ കമ്പോളങ്ങൾ എല്ലാ രാജ്യങ്ങൾക്കുമായി തുറന്നു കൊടുത്തു.

13

| | |
|---|---|
| ലെനിൻ | ബോൾഷെവിക് |
| നെപ്പോളിയൻ | വാട്ടർ ലൂ |
| തോമസ് പെയിൻ | കോമൺസെൻസ് |
| സൺയാത്സെൻ | കുമിത്താങ്ങ് |

14 തൊഴിലാളികളുടെ ദുരിതങ്ങൾ
മാർക്സിറ്റ് ആശയങ്ങളടെ സ്വാധീനം
ബോൾഷെവിക് പാർട്ടിയുടെ രൂപീകരണം

15 സാർ ചക്രവർത്തിമാരുടെ സ്വേച്ഛാധിപത്യ ഭരണം
നികുതി ഭാരം
കാർഷികോൽപാദനത്തിലെ കുറവ്
ചിന്തകൻമാരുടെ സ്വാധീനം
1905 റഷ്യ - ജപ്പാൻ യുദ്ധം

16 കൃഷി ഭൂമി കർഷകർക്ക് വിതരണം ചെയ്തു, ഒന്നാം ലോക യുദ്ധത്തിൽ നിന്നു പിൻമാറി, എല്ലാം പൊതു ഉടമസ്ഥതയിലായി, യു എസ് എസ് ആർ രൂപീകരിക്കുകയും ലോകത്തിലെ വൻ ശക്തി യായി മാറുകയും ചെയ്തു.

17 പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശം പകർന്നു-യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിനു വഴിയൊരുക്കി-രാജ്യം എന്നാൽ പ്രദേശം അല്ല രാജ്യത്തെ ജനങ്ങ ളാണ് എന്ന് പ്രഖ്യാപിച്ചു-ജനകീയ പരമാധികാരം എന്ന ആശയം ലോകത്തിനു നൽകി- ദേശീയ തയുടെ വളർച്ചക്ക് സഹായമായി മധ്യവർഗ്ഗത്തിന്റെ രൂപീകരണത്തിന് വഴി തെളിച്ചു-സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾക്ക് രൂപം നൽകി.

18. സ്പെയിൻ കോളനികൾ ആക്കിവെച്ചിരുന്ന ലാറ്റിൻ അമേരിക്കയിലെ ഭൂരിപക്ഷം രാജ്യങ്ങളിലേയും സമ്പത്തും വിഭവങ്ങളും യൂറോപ്യന്മാർ കൊള്ളയടിച്ചു-സമ്പത്തിനോടൊപ്പം ലാറ്റിനമേരിക്കൻ പര മ്പരാഗത സംസ്കാരത്തെ തകർത്തു-ലാറ്റിനമേരിക്കയുടെ ഔദ്യോഗിക ഭാഷ സ്പാനിഷ് ആക്കി മാറ്റി-സ്പെയിൻകാരും പോർച്ചുഗീസുകാരും തങ്ങളുടെ ഭാഷയും മതവും ആചാരവും ലാറ്റിനമേരി ക്കയിൽ പ്രചരിപ്പിച്ചു-സ്പാനിഷ് ശൈലിയിലുള്ള വീടുകളും ദേവാലയങ്ങളും നിർമ്മിച്ചു-സ്പെയിനിലെ കൃഷിരീതികളും കാർഷിക വിളകളും മാത്രമല്ല പുതിയ രോഗങ്ങൾ പോലും ലാറ്റിനമേ രിക്കൻ ജനതയിലേക്ക് പകർന്നു-വിപ്ലവങ്ങളിലൂടെ ലാറ്റിൻ ജനത നേടിയെടുത്തത് തങ്ങളുടെ പഴ മയും സ്വാതന്ത്ര്യവും കൂടി ആയിരുന്നു.

19. കെരൻസ്കിയുടെ താത്കാലിക ഗവൺമെന്റ് ജനങ്ങളുടെ ആവശ്യം അംഗീകരിച്ചില്ല-റഷ്യയുടെ സാമ്പത്തിക പിന്നോക്കാവസ്ഥ ജനങ്ങൾക്കിടയിലെ അസമത്വം എന്നിവ ഇല്ലാതാക്കാൻ ഒരു തൊഴി ലാളി വർഗ്ഗഭരണകൂടം വേണമെന്ന് ബോൾഷെവിക്കുകൾ പ്രചരിപ്പിച്ചു-ലെനിന്റെ നേതൃത്വത്തിൽ 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താത്കാലിക ഗവൺമെന്റിനെതിരെ സായുധ വിപ്ലവം ആരം ഭിച്ചു-ഒക്ടോബർ വിപ്ലവത്തെതുടർന്ന് കെരൻസ്കി രാജ്യം വിട്ടു-റഷ്യ ബോൾഷെവിക്കുകളുടെ നിയ ന്ത്രണത്തിൽ ആയി-ലെനിൻ അദ്ധ്യക്ഷനായി ഒരു കാബിനറ്റ് നിലവിൽ വന്നു.

20. 1917 ലെ ഭക്ഷ്യദൗർലഭ്യം-പെട്രോഗാഡിലെ തൊഴിലാളി പ്രകടനം-സൈന്യത്തിന്റെ കൂടിച്ചേരൽ-നിക്കോ ളാസ് രണ്ടാമന്റെ സ്ഥാനമൊഴിയൽ-അലക്സാണ്ടർ കെരൻസ്കി ഭരണത്തിലേക്ക-കെരൻസ്കിയുടെ നേതൃത്വത്തിലുള്ള താത്കാലിക ഗവൺമെന്റിന്റെ ആശയങ്ങളിൽ നിന്നുള്ള മാറ്റം-സോവിയറ്റുക ളുടെ എതിർപ്പ്-ലെനിന്റെ നേതൃത്വം-1917 ലെ സായുധവിപ്ലവം, കെരൻസ്കി രാജ്യം വിടുന്നു- ബോൾ ഷെവിക്കുകൾ അധികാരത്തിലെത്തുന്നു.

21. ഫ്രഞ്ച് വിപ്ലവത്തിന്റെ ആശയങ്ങളും ലക്ഷ്യങ്ങളുമാണ് നെപ്പോളിയന്റെ പരിഷ്കാരങ്ങൾക്ക് പ്രചോ ദനമായത്-അതുവഴി കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി-സിങ്കിംഗ് ഫണ്ട് രൂപീകരിച്ചു-റോ ഡുകൾ നിർമ്മിച്ചു-പുരോഹിതരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തി-ബാങ്ക് ഓഫ് ഫ്രാൻസ് രൂപീക രിച്ചു-പുതിയ നിയമ സംഹിത ഉണ്ടാക്കി.

22. മൗലിക അവകാശങ്ങൾ
ഫെഡറൽ സംവിധാനം
അവകാശപത്രിക
നീതിന്യായ പുനപരിശോധന
ലിഖിത ഭരണഘടന, റിപ്പബ്ലിക്ക് എന്ന ആശയം

23. 1774 ലെ ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്

↓

1775ലെ രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്

↓

1781 ലെ യുദ്ധവിരാമം

↓

1873 ലെ പാരീസ് ഉടമ്പടി

↓

അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണം.

24. ചിയാങ് കൈഷക്കിന്റെ വിദേശപ്രീണനവും സൈനിക ഏകാധിപത്യ ഭരണവും കമ്മ്യൂണിസ്റ്റ് പാർട്ടി എതിർത്തു. എന്നാൽ ചിയാങ് കൈഷക്ക് അവരെ ക്രൂരമായി അടിച്ചമർത്തി-ഈ സമയം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി ഉയർന്നു വന്ന മാവോസേതുംഗ് തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്ന് വടക്ക് പടിഞ്ഞാറ് യെനാനിലേക്ക് ഒരു യാത്ര നടത്തി ലോങ് മാർച്ച് എന്ന് ഇത് അറിയപ്പെട്ടു- യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും ഗ്രാമങ്ങളും പ്രഭുക്കൻമാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി-മാവോസേതുംഗിന്റെ നേതൃത്വത്തിൽ ചുവപ്പ്സേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി-ചിയാങ് കൈഷക്ക് തായ്‌വാനിൽ രാഷ്ട്രീയാഭയം തേടി. 1949 ഒക്ടോബർ 1 ന് മാവോസേതുംഗിന്റെ നേതൃത്വത്തിൽ ചൈന ജനകീയചൈനാ റിപ്പബ്ലിക്ക് ആയി മാറി.

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. അമേരിക്കൻ ഐക്യനാടുകളുടെ ആദ്യപ്രസിഡന്റ്
2. എനിക്ക് ശേഷം പ്രളയം എന്ന പ്രസ്താവന നടത്തിയ ഫ്രാൻസിലെ രാജാവ് ആര്
3. അമേരിക്കൻ സ്വാതന്ത്ര്യസമരത്തെ സ്വാധീനിച്ച ചിന്തകർ ആരെല്ലാം
4. ഫ്രാൻസിലെ ജനപ്രതിനിധിസഭയുടെ പേര്
5. ജനകീയ ചൈനീസ് റിപ്പബ്ലിക്കിന്റെ തലവൻ
6. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളുടെ വിമോചകൻ എന്നറിയപ്പെടുന്നത് ആര്
7. ചേരുംപടി ചേർക്കുക

| | |
|---|---|
| ജോർജ് വാഷിംഗ് ടൺ | ഫ്രഞ്ച് വിപ്ലവം |
| സൺയോത് സെൻ | അമേരിക്കൻ വിപ്ലവം |
| ലെനിൽ | ചൈനീസ് വിപ്ലവം |
| റൂസ്സോ | റഷ്യൻ വിപ്ലവം |

8 പൂരിപ്പിക്കുക

| | | |
|---|---|---|
| പ്രാതിനിധ്യം ഇല്ലാതെ നികുതിയില്ല | സമത്വം സ്വാതന്ത്ര്യം സാഹോദര്യം | കമ്മ്യൂണിസ്റ്റ് ആശയങ്ങൾ |
| ↓ | ↓ | ↓ |
| (a) അമേരിക്കൻ സ്വാതന്ത്ര്യസമരം | (b)................................ | (c)................................ |

9 അമേരിക്കൻ സ്വാതന്ത്ര്യസമരം , ഫ്രഞ്ച് വിപ്ലവം , ലാറ്റിനമേരിക്കൻ വിപ്ലവം , റഷ്യൻ വിപ്ലവം ചൈനീസ് വിപ്ലവം തുടങ്ങിയ നേതാക്കളുടെ ചിത്രങ്ങൾ കാണിച്ച് ഓരോ വിപ്ലവത്തിന്റെയും നേതാക്കളെയും ചിന്തകരേയും പട്ടികപ്പെടുത്തുക.

10. പാഠപുസ്തകത്തിലെ 15 -ാം പേജിലെ ചാർട്ട് പ്രദർശിപ്പിച്ച് ചാർട്ട് വിശകലനം ചെയ്ത് , താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ആവശ്യപ്പെടുന്നു.
1. ഫ്രാൻസിൽ ഉയർന്ന സാമൂഹിക പദവിയും അവകാശങ്ങളും ആഡംബര ജീവിതവും നയിച്ചത് ഏത് വിഭാഗങ്ങൾ ആയിരുന്നു
2. ഏറ്റവും കൂടുതൽ ജനവിഭാഗങ്ങൾ ഏത് എസ്റ്റേറ്റിൽ ആയിരുന്നു
3. ജനങ്ങളെ ചൂഷണം ചെയ്ത് സമ്പത്ത് കൈവശപ്പെടുത്തിയത് ഏത് വിഭാഗമായിരുന്നു
4. ഈ വ്യവസ്ഥ മാറണമെന്ന് ആഗ്രഹിക്കുന്നത് ഏതുവിഭാഗങ്ങളായിരിക്കാം.

## ഉത്തരങ്ങൾ

1. ജോർജ്ജ് വാഷിംഗ്ടൺ
2. ലൂയി പതിനഞ്ചാമൻ
3. ജോൺലോക്ക്, തോമസ്പെയിൻ
4. സ്റ്റേറ്റ്സ് ജനറൽ
5. മാവോസേതൂംഗ്
6. സൈമൺ ബോളിവർ
7.

| | |
|---|---|
| ജോർജ്ജ് വാഷിംഗ്ടൺ | അമേരിക്കൻ വിപ്ലവം |
| സൺയാത്സെൻ | ചൈനീസ് വിപ്ലവം |
| ലെനിൻ | റഷ്യൻ വിപ്ലവം |
| റൂസ്സോ | ഫ്രഞ്ച് വിപ്ലവം |

8.

| പ്രാതിനിധ്യം ഇല്ലാതെ നികുതിയില്ല | സമത്വം സ്വാതന്ത്ര്യം സാഹോദര്യം | കമ്മ്യൂണിസ്റ്റ് ആശയങ്ങൾ |
|---|---|---|
| ↓ | ↓ | ↓ |
| (a) അമേരിക്കൻ സ്വാതന്ത്ര്യസമരം | (b) ഫ്രഞ്ച് വിപ്ലവം | (c) റഷ്യൻ വിപ്ലവം |

9.

| അമേരിക്കൻ സ്വാതന്ത്ര്യസമരം | ഫ്രഞ്ച് വിപ്ലവം | ലാറ്റിനമേരിക്കൻ വിപ്ലവം | റഷ്യൻ വിപ്ലവം | ചൈനീസ് വിപ്ലവം |
|---|---|---|---|---|
| ജോർജ്ജ് വാഷിംഗ്ടൺ<br>തോമസ് ജഫേഴ്സൺ<br>തോമസ്പെയിൻ | വോൾട്ടയർ<br>റൂസ്സോ<br>മൊണ്ടസ്ക്യൂ | ഫ്രാൻസിസ്കോമിറാൻഡ<br>സൈമൺബോളിവർ<br>ജോസെഡിസാൻ മാർട്ടിൻ | കെരൻസ്കി<br>ലെനിൻ<br>ട്രോട്ട്സ്കി | സൺയാത്സെൻ<br>മാവോസേതൂംഗ് |

10. 1. ഒന്നാം എസ്റ്റേറ്റ് , രണ്ടാം എസ്റ്റേറ്റ്
2. മൂന്നാമത്തെ എസ്റ്റേറ്റ്
3. ഒന്നും രണ്ടും എസ്റ്റേറ്റുകൾ
4. മൂന്നാമത്തെ എസ്റ്റേറ്റ്

**അധ്യായം - 2**

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

## ആമുഖം

ലോകചരിത്രത്തിൽ ഏറ്റവും കൂടുതൽ സംഭവബഹുലമായ ഒരു കാലഘട്ടമാണ് ഇരുപതാം നൂറ്റാണ്ട്. യൂറോപ്യൻ ശക്തികളും അവരുടെ പ്രവർത്തനങ്ങളും ലോകമെമ്പാടും സ്വാധീനിച്ചതിന്റെ പ്രകടിതരൂപമായാണ് ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രം വിശേഷിപ്പിക്കപ്പെടുന്നത്. ലോകത്തിന്റെ രാഷ്ട്രീയ- സാമ്പത്തികസ്ഥിതികളെ മാറ്റി മറിച്ച രണ്ടു മഹായുദ്ധങ്ങൾ, ഫാസിസം, നാസിസം, സമാധാനസംഘടനകളുടെ രൂപീകരണം, സോവിയറ്റ് യൂണിയന്റെ തകർച്ച, ഏകധ്രുവലോകം, ആഗോളവത്കരണം തുടങ്ങി അനേകം സംഭവങ്ങൾക്ക് ഈ നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു. സാമ്രാജ്യത്വ ശക്തികളുടെ അന്യായ ഇടപെടലുകളേയും അവരുടെ ആധുനിക വികസന തന്ത്രങ്ങളെയും തിരിച്ചറിഞ്ഞ് അവയെപ്പറ്റി ശരിയായ രീതിയിൽ ചിന്തിക്കാനും പ്രതിരോധം സൃഷ്ടിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് ഈ പാഠഭാഗത്തിലെ പ്രക്രിയകളെ ആസൂത്രണം ചെയ്തിട്ടുള്ളത്.


### പ്രധാന ആശയങ്ങൾ

1. മുതലാളിത്തത്തിൽ നിന്ന് സാമ്രാജ്യത്വത്തിലേക്ക്
2. ഒന്നാം ലോകമഹായുദ്ധം
3. ഫാസിസവും നാസിസവും
4. രണ്ടാം ലോകമഹായുദ്ധം
5. സമാധാനശ്രമങ്ങൾ
6. ശീതസമരം
7. പശ്ചിമേഷ്യ
8. സോവിയറ്റ് യൂണിയന്റെ തകർച്ച
9. ഏകധ്രുവലോകം
10. ആഗോളവത്കരണം

## ചോദ്യങ്ങൾ

1. പ്രതികാര പ്രസ്ഥാനം ഏത് രാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു? (1)
2. ഒന്നാം ലോകമഹായുദ്ധാനന്തരം രൂപം കൊണ്ട സമാധാനസംഘടന ഏത്? (1)
3. മുസ്സോളിനി രൂപം നൽകിയ സൈനിക വിഭാഗത്തിന്റെ പേരെഴുതുക -? (1)
4. ഹിറ്റ്ലറുടെ രഹസ്യസംഘടനയുടെ പേരെന്ത്? (1)
5. ''പുരുഷന് യുദ്ധം സ്ത്രീക്ക് മാതൃത്വം എന്നതുപോലെയാണ്'' ആരുടെ വാക്കുകളാണിത്? (1)
6. ഏത് സമ്മേളനത്തിൽ വച്ചാണ് ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകിയത്? (1)

7. എന്തുകൊണ്ടായിരിക്കാം ഇരുപതാം നൂറ്റാണ്ടിലെ ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ അതിരുകൾ ഭൂപടത്തിൽ നേർരേഖയിൽ രേഖപ്പെടുത്തിയത്? (2)
8. കോളനിവല്കരണം എന്നാലെന്ത്? (2)
9. കോളനികളിലെ മൂലധന നിക്ഷേപവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക? (2)
   - തൊഴിലാളികളുടെ കുറഞ്ഞ കൂലി
   - ..............................................................................
   - ..............................................................................
10. ചുവടെ കൊടുത്തിരക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക.




11. ത്രികക്ഷി സൗഹാർദ്ദത്തിലെ രാജ്യങ്ങൾ ഏതൊക്കെയെന്ന് പട്ടികപ്പെടുത്തുക? (2)
12. തീവ്രദേശീയത എന്നാലെന്ത്? (2)
13. പ്രീണനനയത്തിന്റെ സവിശേഷത വ്യക്തമാക്കുക ? (2)
14. അപകോളനീകരണം എന്നാലെന്ത് ? (2)
15. സാമ്രാജ്യത്വ ശക്തികൾ കോളനികളിൽ വിവിധ ചൂഷണതന്ത്രങ്ങൾ നടപ്പിലാക്കിയത് എങ്ങനെ. സമർത്ഥിക്കുക ? (3)
16. സാമ്രാജ്യത്വ നയങ്ങൾ കോളനിരാജ്യങ്ങളെ പലതരത്തിൽ ബാധിച്ചു. ഏതെങ്കിലും പ്രധാനപ്പെട്ട മൂന്ന് ആശങ്ങൾ രേഖപ്പെടുത്തുക? (3)
17. തീവ്രദേശീയതയുടെ ഭാഗമായി രൂപംകൊണ്ട പ്രസ്ഥാനങ്ങളെപ്പറ്റി വിശദമാക്കുക? (3)
18. ഒന്നാം ലോകമഹായുദ്ധാനന്തരം രൂപംകൊണ്ട വേഴ്സായിസന്ധി പരാജിതരാഷ്ട്രമായ ജർമ്മനിയോട് നീതി പുലർത്തിയോ ! വിശകലനം ചെയ്യുക? (3)
19. ഫാസിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താൻ ഇടയാക്കിയ സാഹചര്യങ്ങൾ വിലയിരുത്തി പട്ടികപ്പെടുത്തുക? (3)
20. അഡോൾഫ് ഹിറ്റലറെ ജർമ്മനിയിൽ അധികാരത്തിൽ എത്താൻ സഹായിച്ചഘടകങ്ങൾ ഏവ? (3)
22. അമേരിക്ക ആഗോളരംഗത്ത് തങ്ങളുടെ ആധിപത്യം നിലനിർത്തുവാൻ പലതന്ത്രങ്ങളും ആവിഷ്കരിച്ചു. പട്ടികപ്പെടുത്തുക? (3)
23. സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റം കോളനിരാജ്യങ്ങളെ പലതരത്തിൽ ബാധിച്ചു.വിശദമാക്കുക? (3)
24. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ ദൂരവ്യാപകമായിരുന്നു. വിശദമാക്കുക ? (3)

25. ഒന്നാം ലോകമഹായുദ്ധാനന്തരം രൂപംകൊണ്ട സമാധാനസന്ധികൾ മറ്റൊരു ആഗോളയുദ്ധത്തിലേക്ക് ലോകരാജ്യങ്ങളെ സജ്ജമാക്കി. ഈ പ്രസ്താവനയുടെ സാങ്ഗത്യം പരിശോധിക്കുക? (4)
26. 1929 –ൽ അമേരിക്കയിൽ ആരംഭിച്ച സാമ്പത്തികമാന്ദ്യം മറ്റ് രാജ്യങ്ങളുടെ സാമ്പത്തികമേഖലകളിൽ സാരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. വിശകലനം ചെയ്യുക ? (4)
27. ഫാസിസത്തിന്റെ ജർമ്മൻ രൂപമാണ് നാസിസം ഫാസിസത്തിന്റെയും നാസിസത്തിന്റെയും സമാനതകൾ കണ്ടെത്തി വിവരിക്കുക? (4)
28. രണ്ടാം ലോകമഹായുദ്ധത്തിന് മുന്നോടിയായി രൂപംകൊണ്ട സൈനിക സഖ്യങ്ങളും അവയിൽപ്പെടുന്ന രാജ്യങ്ങളും പട്ടികപ്പെടുത്തുക? (4)
29. ചേരുംപടി ചേർക്കുക.
A കോളത്തിനനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തിയെഴുതുക. (4)

| A | B |
|---|---|
| ഹിറ്റ്ലർ | ചേരിചേരാപ്രസ്ഥാനം |
| ജലഹർലാൽ നെഹ്രു | ഗസ്റ്റപ്പോ |
| മിഖായേൽ ഗോർബച്ചേവ് | P.L.O |
| യാസർ അരാഫത്ത് | പെരിസ്ട്രോയിക്ക |

30. രണ്ടാം ലോകമഹായുദ്ധം മാനവരാശിയുടെ ചരിത്രത്തിലെ ഏറ്റവും വിനാശകാരിയായ സംഭവമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങളുടെ പശ്ചാത്തലത്തിൽ ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക? (4)
31. വ്യത്യസ്ത ആശയങ്ങളാണ് ശീതസമരത്തിലേയ്ക്ക് നയിച്ചത്. വിശകലനം ചെയ്യുക ? (4)
32. പാലസ്തീൻ വിമോചന സംഘടനയുടെ രൂപീകരണം പശ്ചിമേഷ്യൻ നയതന്ത്രരംഗത്തെ ഉജ്ജ്വലമായ മുന്നേറ്റമായിരുന്നു. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക? (4)
33. സോവിയറ്റ് യൂണിയന്റെ തകർച്ച 20 -ാം നൂറ്റാംണ്ടിലെ സുപ്രധാന സംഭവങ്ങളിൽ ഒന്നാണ് വിശദമാക്കുക? (4)
34. രണ്ട് ലോകമഹായുദ്ധങ്ങൾക്കിടയിൽ രൂപംകൊണ്ട പ്രത്യയശാസ്ത്രങ്ങളാണ് ഫാസിസവും നാസിസവും. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക ? (6)
35. യുദ്ധങ്ങൾ എന്നും മാനവരാശിയുടെ നിലനില്പിന് ഭീഷണിയാണ്. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക? (6)
36. ചേരിചേരാപ്രസ്ഥാനത്തിന് ആധുനിക കാലത്ത് ഏറെ പ്രസക്തിയുണ്ട്. ചേരിചേരാപ്രസ്ഥാനത്തിന്റെ ഉത്ഭവത്തിനിടയാക്കിയ സാഹചര്യങ്ങൾ, നേതൃത്വപരമായ മികവ്, ലക്ഷ്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക? (6)
37. പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ ലോകസമ്പദ്‌വ്യവസ്ഥയിൽ സാരമായ മാറ്റങ്ങൾ വരുത്തി. ആഗോളവത്കരണത്തിന്റെ മേന്മകളും ദോഷങ്ങളും അടിസ്ഥാനമാക്കി വിവരിക്കുക ? (6)

# ഉത്തരസൂചിക

1. ഫ്രാൻസ്
2. സർവ്വരാഷ്ട്രസഖ്യം (ലീഗ് ഓഫ് നേഷൻസ് )
3. കരിങ്കുപ്പായക്കാർ
4. ഗസ്റ്റപ്പോ
5. മുസ്സോളിനി
6. ഇന്തോനേഷ്യയിലെ ബാന്ദൂങ്ങ് (1955)
7. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ യൂറോപ്യന്മാർ വിഭങ്ങൾ തേടി ആഫ്രിക്കയിൽ എത്തി. പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ അതിർത്തികൾ വരച്ച് അവർ ആഫ്രിക്കയെ പങ്കിട്ടെടുത്തു.
8. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളുമായി യൂറോപ്യൻ രാജ്യങ്ങൾക്ക് നേരത്തേ കച്ചവട ബന്ധങ്ങൾ ഉണ്ടായിരുന്നു. ഇവിടങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾ രാഷ്ട്രീയാധികാരവും സൈനികശേഷിയും ഉപയോഗിച്ച് സാമ്പത്തിക ചൂഷണം നടത്തി. ഈ രാജ്യങ്ങൾ പിന്നീട് യൂറോപ്യന്മാരുടെ കോളനിയായി മാറി. ഈ പ്രക്രിയ കോളനിവത്കരണം എന്നറിയപ്പെട്ടു.
9. 
   - അസംസ്കൃത വസ്തുക്കളുടെ ലഭ്യത
   - കോളനികളിൽ ഉത്പാദിപ്പിച്ച് കോളനികളിൽ തന്നെ വിതരണം ചെയ്യുമ്പോഴുള്ള കുറഞ്ഞ ചെലവ്.
10. ജർമ്മനി, ആസ്ട്രിയ - ഹംഗറി
11. ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ
12. മറ്റ് രാജ്യങ്ങളെയും അവരുടെ കൈവശമുള്ള പ്രദേശങ്ങളെയും കീഴടക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ യൂറോപ്യൻ രാജ്യങ്ങൾ ദേശീയതയെ ഉപയോഗിച്ചു. ഇതാണ് തീവ്രദേശീയത.
13. ജർമ്മനി, ഇറ്റലി, ജപ്പാൻ എന്നീ രാജ്യങ്ങൾ വിവിധ രാജ്യങ്ങളെ ആക്രമിച്ചപ്പോൾ ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങൾ ഈ ആക്രമണത്തെ ചെറുത്തില്ല. സോഷ്യലിസ്റ്റ് രാഷ്ട്രമായ സോവിയറ്റ് യൂണിയനെ മുഖ്യശത്രുവായി കണ്ട് ഫാസിസ്റ്റ് ആക്രമണങ്ങൾക്ക് പ്രോത്സാഹനം നൽകിയ നയമാണ് പ്രീണനനയം.
14. ദീർഘനാളത്തെ സാമ്രാജ്യത്വ ശക്തികളുടെ ഭരണത്തിൽ നിന്നും സ്വാതന്ത്ര്യസമരപോരാട്ടങ്ങളിലൂടെ കോളനികൾ ഒന്നൊന്നായി സ്വാതന്ത്ര്യം നേടി. ഇത് അപകോളനീകരണം എന്നറിയപ്പെടുന്നു.
15. നിയമവ്യവസ്ഥ, സൈനികസംവിധാനം , വിവിധ ഭരണനയങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി.
16. 
   - കോളനികളുടെ പരമ്പരാഗത സമ്പദ്വ്യവസ്ഥ തകർന്നു.
   - ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു.
   - പരമ്പരാഗത ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ കൃഷി ചെയ്യുവാൻ നിർബന്ധിതരായി.
   - ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു.
   - പ്രകൃതി വിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.
   - തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.

   (ഏതെങ്കിലും മൂന്നെണ്ണം എഴുതുക.)

17. പ്രതിരോധ പ്രസ്ഥാനം, പാൻജർമ്മൻ പ്രസ്ഥാനം, പാൻസ്ലാവ് പ്രസ്ഥാനം-വിശദമാക്കുക.

18.
- ജർമ്മനിയുടെ കോളനികൾ മുഴുവൻ സഖ്യകക്ഷികൾ വീതം വച്ചു.
- ജർമ്മനിയിൽ നിന്നും വൻ യുദ്ധനഷ്ട പരിഹാരതുക ഈടാക്കി.
- സമ്പന്നമായ ഖനി പ്രദേശങ്ങൾ സഖ്യകക്ഷികൾ കൈക്കലാക്കുകയും യുദ്ധക്കുറ്റം ചുമത്തി ജർമ്മനിയെ നിരായുധീകരിക്കുകയും ചെയ്തു.

19.
- ഒന്നാം ലോകമഹായുദ്ധത്തിൽ വിജയിച്ചിട്ടും ഇറ്റലിക്ക് കാര്യമായ നേട്ടങ്ങളൊന്നും ലഭിച്ചില്ല.
- യുദ്ധാനന്തരകാല വ്യവസായങ്ങളുടെ തകർച്ച, നികുതിവർദ്ധനവ്, പണപ്പെരുപ്പം ഇവ ജനങ്ങളെ ഭരണകൂടത്തിൽ നിന്നകറ്റി.
- രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് പോകുമോ എന്ന ഭയം ഫാസിസത്തെ പിന്തുണക്കാൻ സമ്പന്നരെ പ്രേരിപ്പിച്ചു.

20.
- ഒന്നാം ലോകമഹായുദ്ധാനന്തരം ജർമ്മനിയുടെ മേൽ അടിച്ചേൽപ്പിച്ച വേഴ്സായിസന്ധി.
- സാമ്പത്തിക തകർച്ചയും പണപ്പെരുപ്പവും.
- ജർമ്മൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും

22.
- അന്താരാഷ്ട്ര ഏജൻസികളെ ഉപയോഗപ്പെടുത്തി രാജ്യങ്ങൾക്ക് സാമ്പത്തിക-സൈനിക സഹായം നൽകി
- സൈനിക കൂട്ടുകെട്ടുകൾ വ്യാപിപ്പിച്ചു.
- മാധ്യമങ്ങളെ തങ്ങളുടെ താല്പര്യങ്ങൾക്കായി ഉപയോഗിച്ചു.

23. 16-ാമത്തെ ചോദ്യത്തിന്റെ ഉത്തരം വിശകലനം ചെയ്യുക.

24.
- ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.
- കൃഷി, വ്യവസായം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർദ്ധിച്ചു, യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.
- സമാധാന സംഘടനയായ സർവ്വരാഷ്ട്ര സഖ്യം നിലവിൽ വന്നു.

25. 18-ാമത്തെ ചോദ്യത്തിന്റെ ഉത്തരവും ഇറ്റലി, ജർമ്മനി എന്നീ രാജ്യങ്ങളിലുണ്ടായ രാഷ്ട്രീയ സാഹചര്യങ്ങളും വിശകലനം ചെയ്യുക.

26.
- യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതായി.
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറിക്കുള്ളിൽ കെട്ടിക്കിടന്നു.
- അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ച വരുത്തി.
- ബാങ്കുകൾ തകർന്നു, പണപ്പെരുപ്പം വർദ്ധിച്ചു, തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.

27. ഫാസിസത്തിന്റെയും നാസിസത്തിന്റെയും സമാനതകൾ എഴുതുക.

ഫാസിസം

- സ്വേച്ഛാധിപത്യ നടപടികൾ, അക്രമത്തിന്റെയും ഹിംസയുടെയും മാർഗ്ഗം, റോമാ സാമ്രാജ്യത്തിന്റെ പുനഃസ്ഥാപനം

- സോഷ്യലിസ്റ്റുകൾ, തൊഴിലാളി-കർഷക നേതാക്കന്മാർ എന്നിവരെ രാഷ്ട്ര ശത്രുവായി പ്രഖ്യാപിച്ചു. ഫാസിസ്റ്റ് പാർട്ടിയെ എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയരാക്കി, കരിങ്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തിന്റെ രൂപീകരണം.

നാസിസം

- ജനങ്ങളിൽ പ്രതികാര മനോഭാവം വളർത്തി.
- കമ്മ്യൂണിസ്റ്റുകൾ, സോഷ്യലിസ്റ്റുകൾ, ജൂതർ എന്നിവരെ ശത്രുക്കളായിക്കണ്ട് കൊന്നൊടുക്കി.
- മറ്റ് പാർട്ടികൾ നിരോധിച്ചു, തൊഴിലാളി സംഘടനകൾക്ക് വിലക്കേർപ്പെടുത്തി. തവിട്ടുക്കുപ്പായക്കാർ എന്ന സൈനിക വിഭാഗത്തെയും ഗസ്റ്റപ്പോ എന്ന രഹസ്യ സംഘത്തെയും രൂപീകരിച്ചു.
- ആര്യന്മാരാണ് ലോകത്തിലെ പരിശുദ്ധ വംശമെന്ന് പ്രചരിപ്പിച്ചു.

28. അച്ചുതണ്ടു ശക്തികൾ

ഇറ്റലി, ജർമ്മനി, ജപ്പാൻ

സഖ്യശക്തികൾ

ഇംഗ്ലണ്ട്, ഫ്രാൻസ്, ചൈന

29.

| A | B |
|---|---|
| ഹിറ്റ്ലർ | ഗസ്റ്റപ്പോ |
| ജലഹർലാൽ നെഹ്രു | ചേരിചേരാപ്രസ്ഥാനം |
| മിഖായേൽ ഗോർബച്ചേവ് | പെരിസ്ട്രോയിക്ക |
| യാസർ അരാഫത്ത് | P.L.O |

30.
- ദശലക്ഷക്കണക്കിന് പേർ കൊല്ലപ്പെട്ടു.
- യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക നില താറുമാറായി
- യൂറോപ്യൻ രാഷ്ട്രങ്ങളുടെ ലോകമേധാവിത്വം തകർന്നു.
- ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.
- ഐക്യരാഷ്ട്ര സംഘടന നിലവിൽ വന്നു.

31.
- രണ്ടാം ലോകയുദ്ധകാലത്ത് ഫാഷിസ്റ്റ് ആശയങ്ങൾക്കെതിരെ ഒരുമിച്ചല്ല അമേരിക്കയും സോവിയറ്റ് യൂണിയനും യുദ്ധാനന്തരം വീണ്ടും ഭിന്നിച്ചു.
- അമേരിക്ക മുതലാളിത്ത ചേരിക്കും സോവിയറ്റ് യൂണിയൻ സോഷ്യലിസ്റ്റ് ചേരിക്കും നേതൃത്വം കൊടുത്തു.
- NATO, CENTO, SEATO എന്നീ സൈനിക സഖ്യങ്ങൾ അമേരിക്കയുടെ നേതൃത്വത്തിൽ രൂപം കൊണ്ടു. WARSA ഉടമ്പടി സോവിയറ്റ് യൂണീയന്റെ നേതൃത്വത്തിൽ രൂപമെടുത്തു.
- പരസ്പരം ശത്രുത പുലർത്തിയ രണ്ടുചേരികൾ തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളും ശീതസമരത്തിലേയ്ക്ക് നയിച്ചു.

32. ● 1948ൽ ഇസ്രായേൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടതോടെ ഇസ്രായേലും അറബ് രാഷ്ട്രങ്ങളും തമ്മിൽ നിരവധി യുദ്ധങ്ങൾ ഉണ്ടായി.
- ഇസ്രായേൽ പാലസ്തീനെ കൈവശപ്പെടുത്തി. പാലസ്തീൻകാർ വിവിധ അറബ് രാഷ്ട്രങ്ങളിൽ അഭയം തേടി.
- രാജ്യം നഷ്ടപ്പെട്ട് അഭയാർത്ഥികളാകേണ്ടിവന്നവർ സ്വന്തമായി ഒരു രാജ്യം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ യാസർ അരാഫത്തിന്റെ നേതൃത്വത്തിൽ P.L.O. രൂപീകരിച്ചു.
- 1993-ലെ ഓസ്‌ലൊ കരാർ മൂലം പാലസ്തീന് തത്വത്തിൽ സ്വതന്ത്രപദവി ലഭിച്ചുവെങ്കിലും പൂർണ്ണമായും അതു നടപ്പിലായിട്ടില്ല എന്നിരുന്നാലും പശ്ചിമേഷ്യൻ വിഷയങ്ങളിൽ P.L.O. യുടെ ആവിർഭാവവും പ്രവർത്തനങ്ങളും ഈടുറ്റതാണ്.

33. ● ഗ്ലാസ്നോസ്റ്റ്, പെരിസ്ട്രോയിക്ക എന്നീ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ
- സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനം.
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും
- സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം

34. 27-ാമത്തെ ചോദ്യത്തിന്റെ ഉത്തരത്തിന്റെ വിപുലീകരണം

35. 30-ാമത്തെ ചോദ്യത്തിന്റെ ഉത്തരം വിശകലനം ചെയ്യുക.

36. ● ചേരിചേരാ പ്രസ്ഥാനം ഇരുചേരിയിലും പെടാതെ നിലകൊണ്ട നവസ്വാതന്ത്രരാജ്യങ്ങളുടെ ഐക്യപ്രസ്ഥാനമാണ്.
- ശീതസമരം സാമ്രാജ്യത്വത്തിന്റെ മറ്റൊരു രൂപമാണെന്നും ലോക സമാധാനത്തിനും ഐക്യത്തിനും ഭീഷണിയാണെന്നുമുള്ള തിരിച്ചറിവ്.
- യുദ്ധവും സംഘർഷവുമില്ലാത്ത ലോകത്തിന് മാത്രമേ സാമ്പത്തികമായും സാമൂഹികമായും മുന്നേറാൻ കഴിയൂ എന്ന തിരിച്ചറിവ്.
- യുദ്ധവും സംഘർഷവുമില്ലാത്ത ലോകത്തിന് മാത്രമേ സാമ്പത്തികമായും സാമൂഹികമായും മുന്നേറുവാൻ കഴിയൂ എന്ന തിരിച്ചറിവ്.
- ജവഹർലാൽ നെഹ്റു, ഗമാൽ അബ്ദുൽ നാസർ, മാർഷൽ ടിറ്റോ, അഹമ്മദ് സുക്കാർണോ എന്നീ നേതാക്കന്മാരുടെ ശരിയായ നേതൃത്വം.
- ലോകകാര്യങ്ങളിൽ നിന്ന് മാറി നിൽക്കലല്ല പകരം ലോകം അഭിമുഖീകരിക്കുന്ന പലപ്രശ്ന ങ്ങളിലും സജീവമായി ഇടപെട്ട് ലോക സമാധാനത്തിനും ലോകരാജ്യങ്ങൾ തമ്മിലുള്ള പരസ്പര സഹകരണത്തിനും ഐക്യത്തിനും വേണ്ടി പ്രവർത്തിക്കുക.

37. ഗുണങ്ങൾ
- രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയെ ആഗോള സമ്പദ് ഘടനയുമായി ബന്ധിപ്പിച്ചു.
- മത്സരങ്ങളിലൂന്നിയ കമ്പോളം നിലവിൽ വന്നതോടെ വൈവിധ്യമാർന്ന ഉല്പന്നങ്ങൾ വിപണികളിലെത്തി.
- അതിരുകളില്ലാതെ ഉല്പന്നങ്ങൾ, സേവനങ്ങൾ, വിഭവങ്ങൾ, മൂലധനം, പുത്തൻ സാങ്കേതിക വിദ്യ, മനുഷ്യവിഭവശേഷി എന്നിവയുടെ ഒഴുക്ക് വർദ്ധിച്ചു..
- ലോകബാങ്ക്, അന്താരാഷ്ട്ര നാണയനിധി, W.T.O. തുടങ്ങിയ സ്ഥാപനങ്ങൾ നിലവിൽ വന്നു.


ദോഷങ്ങൾ

- ദേശരാഷ്ട്രമെന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി.
- തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കി.
- കാർഷികോല്പന്നങ്ങളുടെ വിലയിടിഞ്ഞു.
- പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നു.
- പ്രകൃതിവിഭവങ്ങൾ കൊള്ളയടിച്ചു etc..

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. പാൻ ജർമ്മൻ പ്രസ്ഥാനം ഏതു രാജ്യവുമായി ബന്ധപ്പെട്ട് രൂപീകരിച്ചതാണ്? (1)
2. ഒന്നാം ലോക മഹായുദ്ധാനന്തരം ജർമ്മനിയുമായി ഒപ്പുവച്ച സമാധാന ഉടമ്പടി ഏത്? (1)
3. ഹിറ്റ്ലർ രൂപം നൽകിയ സൈനിക വിഭാഗത്തിന്റെ പേരെഴുതുക? (1)
4. ബ്രിട്ടനും ഫ്രാൻസും ചേർന്ന് ഫാസിസ്റ്റ് ആക്രമണങ്ങൾക്ക് പ്രോത്സാഹനം നൽകിയ നയം ഏതുപേരിലറിയപ്പെടുന്നു.
5. ഐക്യരാഷ്ട്ര സംഘടന നിലവിൽ വന്നതെന്ന്? (1)
6. P.L.O.യുടെ സ്ഥാപക പ്രസിഡന്റ് ആര്? (1)
7. ഗോർബച്ചേവിന്റെ സാമ്പത്തിക പരിഷ്കാരങ്ങളുടെ പേരെഴുതുക? (1)
8. പദസൂര്യൻ പൂർത്തിയാക്കുക. (2)





9. ഹോളോകാസ്റ്റ് എന്നാലെന്ത്? (2)
10. ചേരിചേരാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച രാഷ്ട്രനേതാക്കന്മാർ ആരെല്ലാം? (2)
11. ശീതസമരം എന്നാലെന്ത്? (2)
12. ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ് ചുവടെ ചേർക്കുന്നത്. ബാക്കിയുള്ളവ പൂർത്തിയാക്കുക? (2)

- അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
- ........................................................................................................
- ........................................................................................................

13. ഉദാരവല്ക്കരണം എന്നാലെന്ത്? (2)

14. സ്വകാര്യവൽക്കരണം എന്തെന്ന് വ്യക്തമാക്കുക? (2)


15. പദസൂര്യൻ പൂർത്തിയാക്കുക.




16. ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| ഒന്നാം ലോക മഹായുദ്ധം | (a).................................... |
| (b).................................... | ഐക്യരാഷ്ട്ര സംഘടന |


17. പുത്തൻ സാമ്പത്തിക പരിഷ്കാരവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ഫ്ളോചാർട്ട് പൂർത്തിയാക്കുക.



# ഉത്തരങ്ങൾ

1. ജർമ്മനി
2. വേഴ്സായിസന്ധി
3. ബ്രൗൺ ഷർട്ട്സ് (തവിട്ടുകുപ്പായക്കാർ)
4. പ്രീണനനയം
5. 1945 ഒക്ടോബർ 24
6. യാസർ അരാഫത്ത്
7. ഗ്ലാസ്നോസ്ത്, പേരിസ്ട്രോയിക്ക
8. ഫ്രാൻസ്, റഷ്യ
9. ഹിറ്റ്ലറുടെ നയങ്ങളുടെ ഭാഗമായി ജൂതന്മാരെ പ്രത്യേകം തയ്യാറാക്കിയ ജർമ്മൻ കോൺസൺട്രേഷൻ ക്യാമ്പുകളിൽവച്ച് കൂട്ടക്കൊല ചെയ്തു. ഇത് ഹോളോകാസ്റ്റ് എന്നറിയപ്പെടുന്നു.
10. ജവഹർലാൽ നെഹ്റു, മാർഷൽ ടിറ്റോ, അഹമ്മദ് സുക്കാർണോ, ഗമാൽ അബ്ദുൽ നാസർ
11. രണ്ടാംലോക മഹായുദ്ധാനന്തരം ശാക്തിക ചേരികളായി മാറിയ അമേരിക്കയും സോവിയറ്റ് യൂണിയനും മുതലാളിത്ത, സോഷ്യലിസ്റ്റ് ചേരികളുടെ നേതൃത്വ നിരകെട്ടിപ്പടുത്തു. പരസ്പരം ശത്രുത പുലർത്തിയ ഈ രണ്ടുചേരികളുടെ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരം.
12. ഭാവി തലമുറയെ യുദ്ധഭീതിയിൽ നിന്നും രക്ഷിക്കുക.

    ലോകരാഷ്ട്രങ്ങളുടെ പുരോഗതിയ്ക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
13. ബഹുരാഷ്ട്ര കമ്പനികളുടെ ഉല്പന്നങ്ങൾക്കും മൂലധനത്തിനും നിയന്ത്രണങ്ങളില്ലാതെ കടന്നുവരാനായി ഇറക്കുമതി നിയമങ്ങളും നികുതികളും ഉദാരമാക്കിയ അന്താരാഷ്ട്രനയം.
14. സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖല, സ്ഥാപനങ്ങളെ സ്വകാര്യവല്ക്കരിച്ച നയം.
15.




16.

| | |
|---|---|
| ഒന്നാം ലോക മഹായുദ്ധം | (a)സർവ്വരാഷ്ട്ര സംഖ്യം |
| (b)രണ്ടാം ലോകമഹായുദ്ധം | ഐക്യരാഷ്ട്ര സംഘടന |

17.

ആഗോളവൽക്കരണം (a)ഉദാരവൽക്കരണം (b)സ്വകാര്യവൽക്കരണം

അധ്യായം–3

# പൊതുഭരണം

## ആമുഖം

എന്താണ് പൊതുഭരണമെന്നും നിത്യജീവിതവുമായി പൊതുഭരണം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നും വിശദമായി മനസിലാക്കാൻ സഹായിക്കുന്നു. ആധുനിക ഭരണരീതികളിൽ പൊതുഭരണത്തിന്റെ പ്രാധാന്യവും ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രവർത്തനങ്ങളും മനസിലാക്കുന്നതിനോടൊപ്പം പൊതുഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികളായ ഇ-ഗവേൺസ്, വിവരാവകാശനിയമം, സേവനാവകാശം എന്നിവയെക്കുറിച്ചുള്ള ധാരണയും പാഠഭാഗത്തിലൂടെ വിനിമയം ചെയ്യുന്നു.


### പ്രധാന ആശയങ്ങൾ

1. പൊതുഭരണം-നിർവചനം, രൂപപ്പെട്ട പശ്ചാത്തലം
2. പൊതുഭരണത്തിന്റെ പ്രാധാന്യം
3. ഉദ്യോഗസ്ഥവൃന്ദവും പ്രത്യേകതകളും
4. ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദം
5. ഇന്ത്യൻ സിവിൽ സർവീസ്
6. ഭരണ നവീകരണ നടപടികൾ
7. ഇ-ഗവേൺസ്
8. അറിയാനുള്ള അവകാശം, വിവരാവകാശ നിയമം
9. വിവരാവകാശ കമ്മീഷൻ
10. സേവനാവകാശ നിയമം
11. ലോക്പാൽ, ലോകായുക്ത
12. സെൻട്രൽ വിജിലൻസ് കമ്മീഷൻ
13. ഓംബുഡ്സ്മാൻ

## ചോദ്യങ്ങൾ

1. ''പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്''- ആരുടെ വാക്കുകളാണിവ? (1)
2. പൊതുഭരണത്തിന്റെ പ്രാധാന്യം എന്തെന്ന് വിശദമാക്കുക? (2)
3. ഇന്ത്യയിലെ പൊതുഭരണകാഴ്ചപ്പാടിനെ വളരെയധികം സ്വാധീനിച്ച ഗാന്ധിയൻ ആശയം? (1)
4. ഉദ്യോഗസ്ഥ വൃന്ദം നിർവചനം എഴുതുക? (2)
5. പൊതുഭരണത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രാധാന്യം വിശദമാക്കുക? (3)
6. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ വിശദമാക്കുക? (5)

7. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന വിശദമാക്കുക (5)
8. ഭരണനവീകരണം എന്നാൽ എന്ത്? (2)
9. ഭരണതലങ്ങളിലെ അഴിമതികൾ തടയുന്നതിനുവേണ്ടി എടുത്തിട്ടുള്ള നടപടികൾ ഏതെല്ലാം? (3)
10. ഇ-ഗവേൺസിന്റെ നേട്ടങ്ങൾ എന്തെല്ലാം? (4)
11. വിവരാവകാശ നിയമനിർമാണത്തിലേക്ക് നയിച്ച സംഘടന ഏത്? (1)
12. സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമം ഏതാണ്? (1)
13. സേവനാവകാശ നിയമത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക? (4)
14. 2005ലെ വിവരാവകാശ നിയമത്തിന്റെ നേട്ടങ്ങൾ എന്തെല്ലാം? (3)
15. ലോക്പാൽ, ലോകായുക്ത ഇവയുടെ ചുമതലകൾ താരതമ്യം ചെയ്യുക (4)
16. അഴിമതി തടയുന്നതിന് ദേശീയതലത്തിൽ 1964ൽ നിലവിൽ വന്ന സ്ഥാപനം ഏത് ? (1)
17. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ പ്രവർത്തനം വിശദമാക്കുക (4)
18. ഓംബുഡ്സ്മാൻ എന്ന സംവിധാനം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതെങ്ങനെ ? (4)
19. പദസൂര്യൻ പൂർത്തിയാക്കുക.




# ഉത്തരസൂചിക

1. എൻ. ഗ്ലാഡൻ
2. 
   - ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
   - ജനക്ഷേമം ഉറപ്പാക്കുന്നു.
   - ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു
   - സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
3. ഗ്രാമസ്വരാജ്

4. ● ജനക്ഷേമം ലക്ഷ്യമിട്ട് ഗവൺമെന്റുകൾ തീരുമാനം എടുക്കുന്നു. ഈ സേവനങ്ങൾ ജനങ്ങൾക്കായി ലഭ്യമാക്കുന്നത് ഉദ്യാഗസ്ഥരാണ്.

   ● ജനപ്രതിനിധികളെ ഭരണ നിർവഹണത്തിൽ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥവൃന്ദത്തിനു രൂപം നൽകിയിരിക്കുന്നു.

5. ● പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുന്നത് ഉദ്യോഗസ്ഥരാണ്.
   ● ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലെത്തിക്കുന്നത് ഉദ്യോഗസ്ഥരാണ്.
   ● രാജ്യത്തിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവഹിക്കുന്നു.

6. ● ശ്രേണീപരമായ സംഘാടനം
   ● സ്ഥിരത
   ● യോഗ്യത അടിസ്ഥാനമാക്കി നിയമനം
   ● രാഷ്ട്രീയ നിഷ്പക്ഷത
   ● വൈദഗ്ദ്ധ്യം

7.

| അഖിലേന്ത്യാ സർവീസ് | കേന്ദ്ര സർവീസ് | സംസ്ഥാന സർവീസ് |
|---|---|---|
| • ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു<br>ഉദാ: ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)<br>ഇന്ത്യൻ പോലീസ് സർവീസ് (IPS) | • ദേശീയതലത്തിൽ തെരഞ്ഞെടുക്കുന്നു.<br>• കേന്ദ്ര ഗവൺമെന്റിന് അധികാരമുള്ള ഭരണ വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.<br>ഉദാ: ഇന്ത്യൻ ഫോറിൻ സർവീസ്, ഇന്ത്യൻ റെയിൽവേ സർവീസ് | • സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്നു.<br>• സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ: സെയിസ് ടാക്സ് ഓഫീസർ |

8. ഭരണ നിർവഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കാലവിളംബം കൂടാതെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെന്റുകൾ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവ ഭരണനവീകരണം എന്നറിയപ്പെടുന്നു.

9. ● ഇ-ഗവേണൻസ്
   ● അറിയാനുള്ള അവകാശം
   ● സേവനാവകാശം
   ● ലോക്പാൽ (ദേശീയതലം)
   ● ലോകായുക്ത (സംസ്ഥാനതലം)
   ● സെൻട്രൽ വിജിലൻസ് കമ്മീഷൻ
   ● ഓംബുഡ്സ്മാൻ

10. ● സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്ത് നിൽക്കേണ്ടതില്ല.

● വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.

● സർക്കാർസേവനം കുറഞ്ഞചെലവിലും വേഗത്തിലും ലഭിക്കുന്നു.

● ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേൻമയും വർദ്ധിക്കുന്നു.

11. രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ

12. സേവനാവകാശ നിയമം

13. ● സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശ നിയമം

● ഓരോ സർക്കാർ ഓഫീസും നൽകുന്ന സേവനങ്ങൾ എത്ര കാലാവധിക്കുള്ളിൽ നൽകണമെന്നും ഈ നിയമം അനുശാസിക്കുന്നു.

● സേവനം നിശ്ചിത കാലാവധിക്കകം പൗരന് നൽകിയില്ലെങ്കിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ പിഴ ഒടുക്കണമെന്നും വ്യവസ്ഥ ഉണ്ട്.

● സേവനാവകാശ നിയമപ്രകാരം എല്ലാ ഓഫീസുകളിലും അപേക്ഷകർക്ക് മാർഗനിർദേശം നൽകുന്നതിനും സഹായിക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

14. ● അഴിമതി നിയന്ത്രിച്ചു

● ഉദ്യോഗസ്ഥരുടെ ചുമതലകൾ വർദ്ധിച്ചു.

● ഗവൺമെന്റിന്റെ പ്രവർത്തനങ്ങൽ സുതാര്യമായി

15. ● ഭരണത്തിലും, ഉദ്യോഗസ്ഥതലത്തിലും, രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങളാണ് ലോക്പാലും, ലോകായുക്തയും.

● ദേശീയതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയ സ്ഥാപനമാണ് ലോക്പാൽ

● സംസ്ഥാനതലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണ് ലോകായുക്ത

● കോടതി നടപടികളുടെ രീതിയാണ് ഇവയ്ക്കുള്ളത്.

16. സെൻട്രൽ വിജിലൻസ് കമ്മീഷൻ

17. ● അഴിമതി തടയുന്നതിനായി ദേശീയതലത്തിൽ രൂപം നൽകിയ സ്ഥാപനമാണ് സെൻട്രൽ വിജിലൻസ് കമ്മീഷൻ

● സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ടാകും എല്ലാ ഓഫീസിലും മുഖ്യവിജിലൻസ് ഓഫീസറും പ്രവർത്തിച്ചുവരുന്നു.

● വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് കമ്മീഷന്റെ ചുമതല


● സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ എല്ലാ സംസ്ഥാന ങ്ങളിലും സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

- വിജിലൻസ് കേസുകളിൽ തീർപ്പുകൽപ്പിക്കാൻ വിജിലൻസ് കോടതികളും നിലവിലുണ്ട്.

18. ● ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ അഴിമതി നടത്തുകയാണെങ്കിൽ ഓംബുഡ്സ്മാന് പരാതി നൽകാം.

- ജനങ്ങൾക്ക് നേരിട്ട് ഓംബുഡ്സ്മാന് പരാതി നൽകാം.
- അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും ഓംബുഡ്സ്മാന് അധികാരമുണ്ട്.


19.




# കൈത്താങ്ങ്

## ചോദ്യങ്ങൾ


1. പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്- ആരുടെ വാക്കുകൾ (1)
2. ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു, ജനക്ഷേമം ഉറപ്പാക്കുന്നു എന്നിവയാണ് പൊതുഭരണത്തിന്റെ രണ്ടുപ്രാധാന്യം മറ്റ് രണ്ടെണ്ണം കണ്ടെത്തുക (2)
3. പൊതു ഭരണത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രാധാന്യം പട്ടികപ്പെടുത്തുക (3)
4. പദസൂര്യൻ പൂർത്തിയാക്കുക (3)




5. ഫ്ളോചാർട്ട് പൂർത്തിയാക്കുക



6. ഫ്ളോചാർട്ട് പൂർത്തിയാക്കുക.





7. സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമം ഏത്? (1)

8. 2005-ൽ നിലവിൽ വന്ന വിവരാവകാശ നിയമത്തിന്റെ ഒരു നേട്ടമാണ് അഴിമതി നിയന്ത്രിക്കുക മറ്റ് രണ്ട് നേട്ടങ്ങൾ ഏതെല്ലാം? (2)

9. അഴിമതി തടയുന്നതിന് ദേശീയതലത്തിൽ 1964-ൽ നിലവിൽ വന്ന സ്ഥാപനം ഏത് ? (1)

## ഉത്തരങ്ങൾ

1. എൻ. ഗ്ലാഡൻ
2. 
   - ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു
   - സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
3. 
   - പൊതുഭരണത്തെ ചലനാത്മകമാക്കുന്നു.
   - ഗവൺമെന്റ് സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നു.
   - രാജ്യത്തിന്റെ ദൈനംദിന ഭരണം നിർവ്വഹിക്കുന്നു.
4. 



5.

ഇന്ത്യൻ സിവിൽ സർവീസ്

- അഖിലേന്ത്യാ സർവീസ്
  ദേശീയതലത്തിൽ നിയമനം
  ഉദാ: ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇന്ത്യൻ പോലീസ് സർവ്വീസ്
- കേന്ദ്ര സർവീസ്
  ദേശീയതലത്തിൽ നിയമനം.
  കേന്ദ്ര ഗവൺമെന്റിന് അധികാരമുള്ള വകുപ്പിൽ നിയമനം
  ഉദാ: ഇന്ത്യൻ ഫോറിൻ സർവ്വീസ്, ഇന്ത്യൻ റെയിൽവേ സർവ്വീസ്
- സംസ്ഥാന സർവീസ്
  സംസ്ഥാനതലത്തിൽ നിയമനം.
  ഉദാ: സെയിൽസ് ടാക്സ് ഓഫീസറന്മാർ

6.

ഭരണ നവീകരണം

- ഇ ഗവേണൻസ്
- വിവകാവകാശ നിയമം
- സേവനാവകാശ നിയമം
- സെൻട്രൽ വിജിലൻസ് കമ്മീഷൻ
- ഓംബുഡ്സ്മാൻ
- ലോക്പാൽ ലോകായുക്ത

7. സേവനാവകാശ നിയമം

8. 
   - ഉദ്യോഗസ്ഥരുടെ ചുമതല വർദ്ധിച്ചു
   - ഗവൺമെന്റെ പ്രവർത്തനങ്ങൾ സുതാര്യമായി

9. സെൻട്രൽ വിജിലൻസ് കമ്മീഷൻ

**അധ്യായം - 4**

# ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പുകളും

## ആമുഖം


ബ്രിട്ടീഷ് ആധിപത്യവും അവർ ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളും അതിനെ നേരിടുന്നതിനുവേണ്ടി ഇന്ത്യയിൽ നടത്തിയ ആദ്യകാല ദേശീയ നേതാക്കന്മാരുടെ പങ്കാളിത്തവും തിരുച്ചറിയുക എന്ന ലക്ഷ്യത്തോടെയാണ് ഈ യൂണിറ്റ് വിഭാവന ചെയ്തിരിക്കുന്നത്. ബ്രിട്ടീഷ് ചൂഷണത്തിനെതിരെ ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങൾ നടത്തിയ ചെറുത്തുനിൽപ്പും അതിന്റെ ഫലങ്ങളും അറിയുന്നതിനോടൊപ്പം ചൂഷണത്തോടുള്ള എതിർപ്പും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയും കുട്ടികളെ ബോധ്യപ്പെടുത്തുന്ന രീതിയിലായിരിക്കണം. ഈ അധ്യായത്തോടുള്ള സമീപനം.

### പ്രധാന ആശയങ്ങൾ

1. ബ്രിട്ടീഷ് നികുതിനയങ്ങളും അവയുടെ പ്രത്യാഘാതങ്ങളും
2. കൃഷിയുടെ വാണിജ്യവൽക്കരണവും അതിനെതുടർന്നുണ്ടായ വിവിധ കാർഷിക കലാപങ്ങളും
3. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച.
4. 1857-ലെ കലാപത്തിന്റെ കാരണങ്ങൾ
5. ചോർച്ചാ സിദ്ധാന്തവും, സ്വദേശി പ്രസ്ഥാനവും

## ചോദ്യങ്ങൾ

1. വടക്കു പടിഞ്ഞാറൻ ഇന്ത്യയിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായം ഏത്? (1)
2. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ ഏവ? (3)
3. 1859ൽ ബംഗാളിൽ നടന്ന പ്രസിദ്ധമായ കർഷക സമരം താഴെ തന്നിരിക്കുന്നവയിൽ നിന്നും കണ്ടെത്തുക? (1)
   (മാപ്പിള കലാപം, സന്താൾ കലാപം, മുണ്ട കലാപം, നീലം കർഷക കലാപം)
4. 1812ലെ കുറിച്ച്യകലാപം നടക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാം? (3)
5. ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി ഡയഗ്രം പൂർത്തിയാക്കുക (4)



6. 1857-ലെ കലാപത്തിന്റെ വിവിധ കാരണങ്ങൾ താഴെ പറയുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക. (6)

 ◆കർഷകരുടെ ദുരിതങ്ങൾ ◆കരകൗശലതൊഴിലാളികളുടെ ദാരിദ്ര്യം ◆രാജാക്കന്മാരുടെ പ്രശ്നങ്ങൾ ◆ശിപായിമാരുടെ ദുരിതങ്ങൾ

7. ചോർച്ചാ സിദ്ധാന്തം എന്നാലെന്ത്? ഇന്ത്യൻ സമ്പത്ത് എങ്ങനെയെല്ലാമായിരുന്നു ബ്രിട്ടണിലേക്ക് കടത്തിയത്? (4)
8. ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും പ്രത്യാഘാതങ്ങളും എന്തെല്ലാം? (3)
9. സ്വദേശി പ്രസ്ഥാനത്തിന്റെ അനന്തരഫലങ്ങൾ കണ്ടെത്തുക? (3)
10. കൃഷിയുടെ വാണിജ്യവൽക്കരണത്തിലൂടെ ഇന്ത്യയിൽ വ്യാപകമായി കൃഷി ചെയ്ത വിളകൾ ഏതേത് പ്രദേശങ്ങളിലെന്ന് കണ്ടെത്തുക. (3)

 നീലം :........................................

 ഗോതമ്പ് :..................................

 പരുത്തി :..................................

11. ഇന്ത്യയിലെ വിവിധ ഗോത്രവിഭാഗങ്ങൾ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ കലാപത്തിന്റെ പൊതുവായ കാരണങ്ങൾ എന്തൊക്കെയായിരുന്നു? (3)

## ഉത്തരസൂചിക

1. മഹൽവാരി വ്യവസ്ഥ
2. 
   - ഒരു പ്രദേശത്തെ നികുതി പിരിച്ചെടുത്തിരുന്നത് സെമീന്ദാർമാർ ആയിരുന്നു.
   - ഭൂമിയുടെ ഉടമസ്ഥാവകാശം സെമീന്ദാർമാർക്കായിരുന്നു.
   - യഥാർത്ഥ കർഷകർ കുടിയാന്മാരായിരുന്നു.
   - വിളവിന്റെ 60% വരെ കർഷകൻ നികുതി നൽകണമായിരുന്നു.
   - നികുതി പണമായി നൽകണമായിരുന്നു.
3. നീലം കർഷകരുടെ കലാപം
4. 
   - ബ്രിട്ടീഷുകാരുടെ അമിത നികുതി പിരിവ്
   - സാധനത്തിനു പകരം പണമായി നികുതി അടയ്ക്കാൻ നിർബന്ധിച്ചത്.
   - നികുതി അടയ്ക്കാൻ കഴിയാതിരുന്ന കർഷകരുടെ ഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.
5. 
   - യന്ത്രനിർമ്മിത തുണിത്തരങ്ങളുടെ ഇറക്കുമതി
   - റെയിൽവേ വ്യാപകമായത്
   - ഇന്ത്യൻ തുണിത്തരങ്ങൾക്ക് മേൽ ചുമത്തിയ ഉയർന്ന നികുതി
   - ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണവും പീഢനവും
6. പാഠപുസ്തകത്തിലെ 80, 81 പേജുകൾ പരിശോധിക്കുക
7. കൃത്യമായ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് പഠനം നടത്തിയ ദാദാഭായ് നവ്റോജി ഇന്ത്യയിൽ നിന്നും വർഷം തോറും വൻതുക ബ്രിട്ടനിലേക്ക് ഒഴുകുന്നുണ്ടെന്നും സമ്പത്തിന്റെ ഈ ഒഴുക്കാണ്

ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കാരണമെന്നും വിശദീകരിച്ചു. ചോർച്ചാ സിദ്ധാന്തം എന്ന് അറിയപ്പെടുന്ന ഈ നിഗമനങ്ങൾ അദ്ദേഹം തന്റെ 'പോവർട്ടി ആന്റ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ' എന്ന പുസ്തകത്തിൽ പ്രതിപാദിച്ചു.

- ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി
- ഇന്ത്യയിൽ നിന്ന് പിരിച്ചെടുക്കുന്ന നികുതി
- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളം

8. ● വ്യവസായ കേന്ദ്രങ്ങളായിരുന്ന നഗരങ്ങൾ ജനരഹിതമായി

- തൊഴിലാളികൾ കൃഷിയ്ക്കുവേണ്ടി ഗ്രാമങ്ങളിലേയ്ക്ക് കുടിയേറി
- കൃഷിയിടം ചെറിയ തുണ്ടുകളായത് ഉത്പാദനം കുറച്ചു.
- കൃഷിയെ ആശ്രയുക്കുന്നവരുടെ എണ്ണത്തിൽ വൻവർധനവുണ്ടായി.

9. ● ഇന്ത്യൻ വ്യവസായങ്ങൾക്ക് പുതുജീവൻ നൽകി

- ബ്രിട്ടീഷ് ഉൽപന്നങ്ങളുടെ ബഹിഷ്കരണവും തദ്ദേശിയ വസ്തുക്കളുടെ ഉപയോഗവും
- സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം.
- ഇന്ത്യൻ ദേശീയത കൂടുതൽ കരുത്താർജിച്ചു.
- ബ്രിട്ടീഷ് വിരുദ്ധ പ്രതിഷേധങ്ങൾക്ക് സംഘടിത രൂപം കൈവന്നു.

10. നീലം : ബംഗാൾ, ബീഹാർ

ഗോതമ്പ് : പഞ്ചാബ്

പരുത്തി : മഹാരാഷ്ട്ര

11. ● വന നിയമങ്ങൾ നടപ്പിലാക്കുകവഴി ഗ്രോത്രജനത കാടുകളിലേക്ക് പ്രവേശിക്കുന്നത് തടഞ്ഞു.

- ബ്രിട്ടീഷുകാർ കപ്പൽ നിർമ്മാണം, റെയിൽ നിർമ്മാണം, തോട്ടം വ്യവസായങ്ങൾ എന്നിവയ്ക്ക് വേണ്ടി വനങ്ങൾ വ്യാപകമായി നശിപ്പിച്ചു.
- ഗോത്രജനത ശേഖരിച്ചിരുന്ന വനവിഭവങ്ങളുടെമേൽ ഉയർന്ന നികുതി ചുമത്തി.

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. 1757-ലെ ബ്രിട്ടീഷുകാരുടെ രാഷ്ട്രീയ ആധിപത്യത്തിലേക്ക് നയിച്ച യുദ്ധം? (1)
2. റയ്ട്ടവാരി വ്യവസ്ഥ നിലനിന്നിരുന്ന ഇന്ത്യൻ പ്രദേശങ്ങൾ (1)
3. ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കി നികുതി പിരിച്ചിരുന്ന സമ്പ്രദായം? (1)
4. ബംഗാളിലെ നീലം കർഷക സമരം നടന്ന വർഷം? (1)
5. മലബാർ കലാപങ്ങളെപ്പറ്റി പഠിക്കാൻ ബ്രിട്ടൻ നിയമിച്ച കമ്മീഷൻ? (1)
6. രാജ്മഹൽ കുന്നുകളുടെ താഴ്വരയിൽ ജീവിച്ച് വന്ന ഗോത്രജനത? (1)
7. 1812ലെ കുറിച്യകലാപം നടന്നത് ആരുടെ നേതൃത്വത്തിലായിരുന്നു? (1)

8. ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരം എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന 1857ലെ കലാപം ആരംഭിച്ചതെവിടെ? (1)
9. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപംകൊണ്ട വർഷം? (1)
10. ചോർച്ചാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്? (1)
11. അനുയോജ്യമായവ കണ്ടെത്തുക (3)

a) സന്താൾ കലാപം -

b) മാപ്പിള കലാപങ്ങൾ -

c) കുറിച്യ കലാപം -

## ഉത്തരങ്ങൾ

1. പ്ലാസി യുദ്ധം
2. ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ
3. മഹൽവാരി വ്യവസ്ഥ
4. 1859
5. വില്യം ലോഗൻ
6. സന്താൾമാർ
7. രാമൻനമ്പി
8. മീററ്റ്
9. 1885
10. ദാദാബായ് നവ്റോജി
11. a) രാജ്മഹൽകുന്നുകൾ

b) മലബാർ

c) വയനാട്

## അധ്യായം–5

# സംസ്കാരവും ദേശീയതയും

## ആമുഖം

നമ്മുടെ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണെന്ന മനോഭാവം പഠിതാവിൽ രൂപപ്പെടുന്നതിനും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപപ്പെട്ട വ്യത്യസ്തങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ പ്രസ്ഥാനങ്ങളേയും വ്യക്തികളേയും തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ഒരു യൂണിറ്റാണിത്. ഇന്ത്യയിലെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ, പത്രങ്ങൾ, വിദ്യാഭ്യാസം, സാഹിത്യം, കല എന്നിവരുടെ പങ്ക് കൂടി തിരിച്ചറിയേണ്ടതാണ്.

### ആശയങ്ങൾ

1. സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ മുന്നോട്ട് വച്ച ആശയങ്ങളും അവയുടെ സ്വാധീനവും.
2. പത്രങ്ങളും, വളർച്ചയും അവയുടെ സംഭാവനയും
3. വിദ്യാഭ്യാസ സ്ഥാപനങ്ങളും ദേശീയതയുടെ വളർച്ചയും
4. സാഹിത്യവും കലയും
5. ദേശീയതയുടെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ

## ചോദ്യങ്ങൾ

1. ഇന്ത്യൻ ദേശീയതയുടെ രൂപപ്പെടലിനും വളർച്ചയ്ക്കും നാനാത്വത്തിൽ ഏകത്വം സ്വാധീനിച്ചതെങ്ങനെ? (4)
2. ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം? (3)
3. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സാമൂഹ്യ പരിഷ്കർത്താക്കൾ മുന്നോട്ടുവച്ച ആശയങ്ങൾ ഏവ? (4)
4. ബ്രഹ്മസമാജ സ്ഥാപകൻ ആരായിരുന്നു? (1)
5. അനുയോജ്യമായവ കണ്ടെത്തുക (5)

| | | |
|---|---|---|
| ആര്യസമാജം | - | പണ്ഡിത രമാഭായി |
| രാമകൃഷ്ണമിഷൻ | - | ജോതിബാ ഫുലെ |
| സത്യശോധക് സമാജം | - | സ്വാമി വിവേകാനന്ദൻ |
| തിയോസഫിക്കൽ സൊസൈറ്റി | - | സ്വാമി ദയാനന്ദസരസ്വതി |
| ശാരദാസദൻ | - | ആനിബസന്റ് |

6. ഇന്ത്യയിലെ വർത്തമാന പത്രങ്ങൾ ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്കും ചൂഷണത്തെ തിരിച്ചറിയുന്നതിനും വഹിച്ച പങ്ക് വ്യക്തമാക്കുക? (4)
7. 1878-ൽ ലിട്ടൻ പ്രഭു നടപ്പിലാക്കിയ കരിനിയമം ഏത്?
8. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് വിദ്യാഭ്യാസ രംഗത്തെ സംഭാവനകൾ സഹായകമായതെങ്ങനെ? (6)
9. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് സഹായിച്ച ഏതെങ്കിലും മൂന്ന് പ്രാദേശിക ഭാഷ സാഹിത്യ കൃതിയും അവയുടെ രചയിതാക്കളേയും കണ്ടെത്തുക? (3)
10. ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്ക് സഹായകമായ പ്രസിദ്ധ ചിത്രങ്ങൾ താഴെ തന്നിരിക്കുന്നു. ഇവയുമായി ബന്ധപ്പെട്ട വ്യക്തികൾ ആരെല്ലാം?

    ഭാരതമാതാ :

    സതി :

    ഗ്രാമീണ ജീവിതം :

## ഉത്തരസൂചിക

1.
- നിരവധി വൈവിധ്യങ്ങൾ നിലനിൽക്കുന്ന രാജ്യമാണ് ഇന്ത്യ
- ഈ വൈരുധ്യങ്ങളെ കോർത്തിണക്കുന്ന സാംസ്കാരികമായ ഒരു ഏകത്വം നിലനിൽക്കുന്നുണ്ട്.
- ഇന്ത്യക്ക് പൊതുവായ ഒരു പൈതൃകമാണുള്ളത്
- 'നാനാത്വത്തിൽ ഏകത്വം' ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതയാണ്.

2.
- ഇന്ത്യൻ സംസ്കാരത്തെ ആഴത്തിൽ മനസ്സിലാക്കേണ്ടത് ആവശ്യമാണെന്ന് ബ്രിട്ടീഷുകാർ തിരിച്ചറിഞ്ഞു.
- ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കാനും ഭരണം നിലനിർത്താനും ജനങ്ങളുടെ പിന്തുണ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞു.
- തങ്ങളോട് വിധേയത്വമുള്ള ഒരു ജനതയെ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞു.
- ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കുന്നതിലൂടെ ഈ ലക്ഷ്യങ്ങൾ സാധ്യമാക്കാമെന്ന് തിരിച്ചറിഞ്ഞു.

3.
- ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക
- എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക
- സ്ത്രീകൾക്ക് എതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക
- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക
- വിധവാ പുനർവിവാഹം നടപ്പിലാക്കുക.
- ശൈശവവിവാഹം, പൗരോഹിത്യമേധാവിത്വം എന്നിവ അവസാനിപ്പിക്കുക.

4. രാജാറാം മോഹൻ റോയ്

5.

| | | |
|---|---|---|
| ആര്യസമാജം | - | സ്വാമി ദയാനന്ദസരസ്വതി |
| രാമകൃഷ്ണമിഷൻ | - | സ്വാമി വിവേകാനന്ദൻ |
| സത്യശോധക് സമാജം | - | ജോതിബാ ഫുലെ |
| തിയോസഫിക്കൽ സൊസൈറ്റി | - | ആനിബസന്റ് |
| ശാരദാസദൻ | - | പണ്ഡിത രമാഭായി |

6. ● ഇന്ത്യയുടെ ഓരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തലിനെയും മർദ്ദക ഭരണത്തെയും കൂട്ടക്കൊല യെയുംകുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.

● ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്ക് എതിരെയും പ്രതിഷേധി ക്കാനും പ്രതികരിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു.

● ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

● ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കുമെതിരായി നടക്കുന്ന സാമൂഹിക പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.

● ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി.

● പ്ലേഗ്, ക്ഷാമം എന്നിവ മൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു.

7. നാട്ടുഭാഷാ പത്രനിയമം

8. ● ദേശീയ വിദ്യാലയങ്ങളുടെ ആരംഭം
   ● സ്വദേശി പ്രസ്ഥാനം നിരവധി വിദ്യാലയങ്ങൾ ആരംഭിച്ചു.
   ● സ്ത്രീകളുടെ ഉന്നമനത്തിന് വിദ്യാഭ്യാസം അനിവാര്യം ആണെന്ന കാഴ്ചപ്പാട്.
   ● അന്തർദേശീയ സഹോദര്യത്തിൽ ഊന്നിയ വിദ്യാഭ്യാസം.
   ● മതേതര വിദ്യാഭ്യാസം ദേശീയ പ്രസ്ഥാനത്തിനെ ശക്തിപ്പെടുത്തി.
   ● 1937ലെ മഹാത്മാ ഗാന്ധിയുടെ വാർധാ വിദ്യാഭ്യാസ പദ്ധതി

9. ഗോര - രവീന്ദ്രനാഥ ടാഗോർ - ബംഗാളി
   പഞ്ചാലി ശപഥം - സുബ്രഹ്മണ്യ ഭാരതി - തമിഴ്
   സേവാസദൻ - പ്രേംചന്ദ് - ഹിന്ദി

10. ഭാരതമാതാ - അബനീന്ദ്രനാഥ ടാഗോർ
    സതി - നന്ദലാൽ ബോസ്
    ഗ്രാമീണ ജീവിതം - അമൃതാ ഷേർഗിൽ

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. ഇന്ത്യയുടെ ദേശീയഗാനത്തിന്റെ ഉപജ്ഞാതാവ് ? (1)
2. ഇന്ത്യയുടെ കരച്ചിൽ എന്ന കൃതിയുടെ കർത്താവ് ? (1)
3. കേസരി പത്രത്തിന്റെ പത്രാധിപൻ ? (1)
4. അനുയോജ്യമായവ കണ്ടെത്തുക (4)

   ബംഗിം ചന്ദ്രചാറ്റർജി - മുഹമ്മദ് ഇഖ്ബാൽ
   നീൽദർപ്പൺ - ഇന്ത്യൻ അസോസിയേഷൻ

| | | |
|---|---|---|
| സുരേന്ദ്രനാഥ് ബാനർജി | - | ആനന്ദമഠം |
| ഉറുദു കവി | - | ദീനബന്ദുമിത്ര |

5. വർധാ വിദ്യാഭ്യാസ പദ്ധതി എന്നാലെന്ത്? അതിന്റെ ലക്ഷ്യം വ്യക്തമാക്കുക? (3)
6. വിദ്യാഭ്യാസം എങ്ങനെയെല്ലാം സഹായകമാകും എന്നാണ് നിങ്ങൾ കരുതുന്നത് ? (3)

## ഉത്തരങ്ങൾ

1. രവീന്ദ്രനാഥ ടാഗോർ
2. വള്ളത്തോൾ നാരായണ മേനോൻ
3. ബാലഗംഗാധര തിലക്
4. 

| | | |
|---|---|---|
| ബംഗിം ചന്ദ്രചാറ്റർജി | - | ആനന്ദമഠം |
| നീൽദർപ്പൺ | - | ദീനബന്ദുമിത്ര |
| സുരേന്ദ്രനാഥ് ബാനർജി | - | ഇന്ത്യൻ അസോസിയേഷൻ |
| ഉറുദു കവി | - | മുഹമ്മദ് ഇഖ്ബാൽ |

5. 1937-ൽ മഹാത്മാഗാന്ധി മുന്നോട്ടുവച്ച ഒരു സവിശേഷമായ വിദ്യാഭ്യാസ പദ്ധതിയാണ് വർധാ വിദ്യാഭ്യാസ പദ്ധതി. ഇതിന്റെ ലക്ഷ്യം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആയിരുന്നു.
6. 
   - സാമൂഹിക മാറ്റത്തിന്
   - ഐക്യം നിലനിർത്താൻ
   - തൊഴിലില്ലായ്മ പരിഹരിക്കാൻ
   - ദേശീത വളർത്താൻ
   - അവബോധം സൃഷ്ടിക്കാൻ

അധ്യായം – 6

# സമരവും സ്വാതന്ത്ര്യവും

## ആമുഖം

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ ഒരു ബഹുജന മുന്നേറ്റമാക്കി മാറ്റാൻ ഗാന്ധിജിക്ക് കഴിഞ്ഞു. നമ്മുടെ സ്വാതന്ത്ര്യത്തിന് വേണ്ടി ത്യാഗോജ്ജ്വലമായ സമരം നയിച്ച ദേശീയ നേതാക്കളെക്കുറിച്ചും, രക്തസാക്ഷികളെക്കുറിച്ചും ആദരവും ബഹുമാനവും ജനിപ്പിക്കുന്നതും, ഗാന്ധിയൻ സമരരീതികളിൽ നിന്നും വിഭിന്നമായ സമരരീതികൾ പിന്തുടരുകയും വേറിട്ട വഴികളിലൂടെ സഞ്ചരിച്ചുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികൾ ആയവരേയും, തൊഴിലാളി കർഷക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും എല്ലാം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് എത്രമാത്രം സഹായകരമായി എന്ന് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

### ആശയങ്ങൾ

1. ആദ്യകാല സമരങ്ങൾ
2. ദേശീയ സമരം
3. നിസ്സഹകരണ സമരവും, ഖിലാഫത്ത് പ്രസ്ഥാനവും
4. പൂർണസ്വരാജും സിവിൽ നിയമ ലംഘനവും
5. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം
6. വേറിട്ടവഴികൾ
7. തൊഴിലാളി-കർഷക പ്രസ്ഥാനങ്ങൾ
8. ഇന്ത്യ-സ്വാതന്ത്ര്യത്തിലേക്ക്

## ചോദ്യങ്ങൾ

1. അഹമ്മദാബാദ് തുണിമിൽ സമരം നടന്ന വർഷം? (1)
2. ഭീകരവാദ പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് 1919ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ നിയമം? (1)
3. പ്ലാസിയുദ്ധം ബ്രിട്ടീഷ് ഭരണത്തിന് അടിത്തറ ഇട്ടെങ്കിൽ ജാലിയൻ വാലാബാഗ് സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറ ഇളക്കി എന്ന് പ്രതികരിച്ച വ്യക്തി ആര്? (1)
4. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശിയ പ്രക്ഷോഭം? (1)
5. ഗാന്ധിജി നിസ്സഹകരണ സമരം പിൻവലിക്കാൻ ഇടയാക്കിയ സംഭവം? (1)
6. സ്വരാജ് പാർട്ടി രൂപീകരിച്ച വർഷം ? (1)
7. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ രൂപീകരിച്ച വർഷം ? (1)

8. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാ വിഭാഗമായ ഝാൻസിറാണി റെജിമെന്റിന്റെ ചുമതല വഹിച്ച മലയാളി ക്യാപ്റ്റൻ ? (1)
9. അഖിലേന്ത്യാ ട്രേഡ് യൂണിയൻ (AITUC) രൂപീകരിച്ച വർഷം? (1)
10. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ബ്രിട്ടനിൽ അധികാരത്തിൽ വന്ന പാർട്ടി ഏത്? (1)
11. ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തോട് ചേർത്ത് നിർത്തിയതിന്റെ ലക്ഷ്യം വ്യക്തമാക്കുക? (2)
12. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം എന്ത്? (2)
13. 1929 ൽ ലാഹോറിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് സമ്മേളനത്തിന്റെ ലക്ഷ്യം എന്തായിരുന്നു? (2)
14. ആദ്യകാലത്ത് ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളി സംഘടനകൾ ഏതെല്ലാം? (2)
15. മൗണ്ട് ബാറ്റൻ പദ്ധതി മുന്നോട്ടുവച്ച ആശയങ്ങൾ എന്തെല്ലാം? (2)
16. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല പ്രാദേശിക സമരങ്ങൾ എഴുതുക? (3)
17. ഗാന്ധിയൻ സമരരീതികളുടെ സവിശേഷതകൾ വ്യക്തമാക്കുക? (3)
18. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഗാന്ധിജി നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ എഴുതുക? (3)
19. നിസ്സഹകരണ സമരകാലത്ത് സ്ഥാപിക്കപ്പെട്ട ദേശീയ വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് പട്ടികപ്പെടുത്തുക? (3)
20. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ എഴുതുക? (3)
21. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഫലങ്ങൾ എന്തെല്ലാം? (3)
22. അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ പ്രധാന ലക്ഷ്യങ്ങൾ വിവരിക്കുക? (3)
23. ജാലിയൻ വാലാബാഗ് സംഭവത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക? (3)
24. ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ വിശമാക്കുക? (4)
25. നിസ്സഹകരണ സമരത്തിന്റെ ലക്ഷ്യങ്ങൾ ഏതെല്ലാം? (4)
26. ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്ക് കഴിഞ്ഞു കാരണങ്ങൾ വിശദമാക്കുക ? (4)
27. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഇന്ത്യയിലെ ജനങ്ങൾ സ്വീകരിച്ച ബഹിഷ്കരണ മാർഗങ്ങൾ ഏതെല്ലാം? (4)
28. ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം? (4)
29. 'ക്വിറ്റിന്ത്യാ സമരം' ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ സുപ്രധാന വഴിത്തിരിവ് ആയിരുന്നു. വിശദമാക്കുക? (4)
30. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിശകലനം ചെയ്യുക? (4)
31. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണ ചരിത്രം വിശദമാക്കുക? (4)
32. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച അനുകൂല സാഹചര്യങ്ങൾ ഏതെല്ലാം? (4)
33. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ തൊഴിലാളി-കർഷക പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് വിവരിക്കുക? (5)

# ഉത്തരസൂചിക

1. 1918
2. റൗലറ്റ് നിയമം
3. ഗാന്ധിജി
4. നിസ്സഹകരണ സമരം
5. ചൗരി ചൗര
6. 1923
7. 1928
8. ക്യാപ്റ്റൻ ലക്ഷ്മി
9. 1920
10. ലേബർ പാർട്ടി
11. ● ബ്രിട്ടീഷ് വിരുദ്ധ മനോഭാവം പുലർത്തുക.
    ● ഹിന്ദു-മുസ്ലിം ഐക്യം ശക്തിപ്പെടുത്തുക.
12. ഉത്തർപ്രദേശിലെ ചൗരിചൗരാ ഗ്രാമത്തിലെ ജനങ്ങൾക്കുനേരെ പോലീസ് വെടിവെച്ചു. രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ചു തീയിട്ടു. 22 പോലീസുകാർ കൊല്ലപ്പെട്ട സംഭവം ഗാന്ധിജിയെ വേദനിപ്പിച്ചു.
13. ● ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമലക്ഷ്യം പൂർണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു.
    ● ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.
14. ● അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ
    ● മദ്രാസ് ലേബർ യൂണിയൻ
15. ● മുസ്ലിംങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കുക.
    ● പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കുക.
    ● ഹിതപരിശോധന നടത്തുക
    ● അതിർത്തി നിർണയ കമ്മീഷനെ നിയമിക്കുക.
16.

| വർഷം | പ്രദേശം | സമരം |
|---|---|---|
| 1917 | ബീഹാർ | ചമ്പാരനിലെ നീലം കർഷകരുടെ സമരം |
| 1918 | ഗുജറാത്ത് | അഹമ്മദാബാദിലെ തുണിമിൽ സമരം |
| 1918 | ഗുജറാത്ത് | ഖേഡയിലെ കർഷക സമരം |

17. ● പ്രാദേശികവും സാമ്പത്തികവുമായ പ്രശ്നങ്ങളിൽ ഇടപെട്ടു.
    ● നിയമലംഘനം, സഹനസമരം പോലുള്ള സമരരീതികൾ സ്വീകരിച്ചു.

- നികുതി നിഷേധം, സത്യാഗ്രഹങ്ങൾ, അഹിംസ എന്നിവയിൽ അധിഷ്ഠിതമായിരുന്നു.

18. - തദ്ദേശിയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു.
- ചർക്കയിൽ നൂൽനൂറ്റ് ഖാദി വസ്ത്രങ്ങൾ നെയ്തു.
- ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു.
- ഹിന്ദി പ്രചരിപ്പിച്ചു.
- അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടത്തി.

19. - കാശിവിദ്യാപീഠം
- ഗുജറാത്ത് വിദ്യാപീഠം
- ജാമിയാമില്ലിയ

20. - ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- വിലക്കയറ്റം, ക്ഷാമം ഇവ മൂലമുള്ള ജനങ്ങളുടെ അതൃപ്തി
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ

21. - ഗാന്ധിജി അടക്കമുള്ള നേതാക്കളെ അറസ്റ്റ് ചെയ്തു.
- അക്രമാസക്തരായ ജനങ്ങൾ ഗവൺമെന്റ് കെട്ടിടങ്ങൾ, ഇലക്ട്രിക് ലൈനുകൾ, ഗതാഗത മാർഗങ്ങൾ എന്നിവ തകർത്തു.
- 1942 അവസാനിക്കുമ്പോൾ ഇന്ത്യയൊട്ടാകെ സമരത്തിന്റെ തീച്ചൂളയിലായിരുന്നു.

22. - തൊഴിലാളി വർഗമെന്ന നിലയിൽ സംഘടിക്കുക, പ്രവർത്തിക്കുക.
- ഇന്ത്യൻ തൊഴിലാളി വർഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളി വർഗവുമായി ചേർന്നു പ്രവർത്തിക്കുക.
- സ്വാതന്ത്ര്യസമര പോരാട്ടത്തിൽ സജീവ പങ്കുവഹിക്കുക.

23. - റൗലറ്റ് ആക്ടിനെതിരെ ഉള്ള പ്രതിഷേധ സമരം.
- 1919 ഏപ്രിൽ 13
- പഞ്ചാബിലെ അമൃതസറിൽ
- ജനറൽ ഡയർ നിരായുധരായ ജനങ്ങൾക്കു നേരെ വെടിവെയ്ക്കാൻ ഉത്തരവിട്ടു.
- ഒട്ടേറെപ്പേർ കൊല്ലപ്പെട്ടു.

24. - സമരരീതിയും ആശയങ്ങളും സാധാരണക്കാർക്കുപോലും പരിചിതമായി.
- ദേശീയ പ്രസ്ഥാനത്തിലേക്ക് വിദ്യാസമ്പന്നരോടൊപ്പം സാധാരണക്കാരും ആകർഷിക്കപ്പെട്ടു.
- പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി.
- ഗാന്ധിജി എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യനായി.

25. - വക്കീലന്മാർ കോടതി ബഹിഷ്ക്കരിച്ചു.
- വിദേശ വസ്തുക്കൾ ബഹിഷ്ക്കരിച്ചു.
- തിരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിച്ചു.
- വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്ക്കരിച്ചു.
- നികുതി നൽകാതിരിക്കുക.
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക.

26. ● ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ

● സാധാരണക്കാരുടെ ജീവിതരീതി

● അഹിംസയിൽ അധിഷ്ഠിതമായ സമരരീതി

● തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ വിലയിരുത്തി.

27. ● കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു.

● തൊഴിലാളികൾ പണിമുടക്കി.

● വക്കീലന്മാർ കോടതി ബഹിഷ്ക്കരിച്ചു.

● വിദ്യാർത്ഥികൾ സ്കൂൾ, കോളേജ് എന്നിവ ബഹിഷ്ക്കരിച്ചു.

● വിദേശവസ്ത്രങ്ങൾ ബഹിഷ്ക്കരിച്ചു.

28. ● ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ 2/5 ഭാഗവും ഉപ്പിന് മേൽചുമത്തുന്ന നികുതി ആയിരുന്നു.

● ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.

● തദ്ദേശിയരായ ചെറുകിട ഉപ്പ് ഉല്പാദകർക്ക് മേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി.

● ഉപ്പിന്റെ വില 3 മടങ്ങ് വർധിച്ചു.

● സാധാരണക്കാരെ ഉണർത്താൻ പറ്റുന്ന മുദ്രാവാക്യം ആയിരുന്നു ഉപ്പ് നികുതി എടുത്തു കളയുക എന്നത്.

29. ● 1942ൽ

● ക്രിപ്സ് ദൗത്യ പരാജയം രണ്ടാം ലോകയുദ്ധകാലത്ത് ഇന്ത്യയിലുണ്ടായ വിലക്കയറ്റം, ഭക്ഷ്യക്ഷാമം എന്നിവയാണ് ഈ സമരത്തിന് രൂപം നൽകാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.

● ബ്രിട്ടീഷുകാർ ഇന്ത്യവിടുക.

● പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മന്ത്രവുമായി എല്ലാവരും സമരരംഗത്തിറങ്ങണമെന്ന് ഗാന്ധിജി ആഹ്വാനം ചെയ്തു.

നിർദ്ദേശങ്ങൾ

● നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.

● കർഷകർ ഭൂനികുതി കൊടുക്കരുത്

● സർക്കാർ ജീവനക്കാർ രാജിവെയ്ക്കാതെ ദേശീയ പ്രസ്ഥാനത്തോട് കൂറ് പരസ്യമാക്കണം.

● പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്കുനേരെ വെടിവെയ്ക്കാൻ വിസമ്മതിക്കണം.

● സ്വാതന്ത്ര്യപ്രാപ്തി വരെ പിടിച്ചുനിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

30. ● ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി റാഷ്ബിഹാരി ബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം ഏറ്റെടുത്തു.

● സിംഗപൂരിൽ സ്വതന്ത്രഭാരതത്തിന് ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു.

● ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽ നിന്നും തുരത്തെറിയാനുള്ള സമരം നടത്തുക എന്നതായിരുന്നു താൽക്കാലിക ഗവൺമെന്റിന്റെ ചുമതല.

● ജപ്പാന്റെ സഹായത്തോടെ ബോസ് നയിച്ച ഇന്ത്യൻ നാഷണൽ ആർമി ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തിയിൽ എത്തി.

● ഇംഫാലിൽ ദേശീയ പതാക ഉയർത്തി.

31. ● റഷ്യൻ വിപ്ലവത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് 1930കളോടെ സോഷ്യലിസ്റ്റ് ആശയങ്ങൾ ഇന്ത്യയിൽ പ്രചരിച്ചു.

● ജവഹർലാൽ നെഹ്റു, സുഭാഷ്ചന്ദ്രബോസ്, ജയപ്രകാശ് നാരായണൻ, അരുണാ ആസഫലി എന്നിവർ ചേർന്ന് കോൺഗ്രസ് പാർട്ടിക്കുള്ളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് വിഭാഗത്തിന് നേതൃത്വം നൽകി.

● 1934ൽ ബോംബെയിൽ ചേർന്ന സമ്മേളനത്തിൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ കോൺഗ്രസ്-സോഷ്യലിസ്റ്റ് പാർട്ടി രൂപംകൊണ്ടു.

● ക്വിറ്റ് ഇന്ത്യാ സമരകാലഘട്ടത്തിൽ കോൺഗ്രസ്-സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകർ സജീവ പങ്കാളികൾ ആയിരുന്നു.

32. ● ബ്രിട്ടൺ സാമ്പത്തികമായി ദുർബലമായത്, കോളനികൾ നിലനിർത്താനുള്ള ശേഷി നഷ്ടമായത്

● ഏഷ്യയിലേയും ആഫ്രിക്കയിലേയും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടത്.

● അമേരിക്കയും സോവിയറ്റ് യൂണിയനും കോളനി വാഴ്ചക്കെതിരെ നിലപാടെടുത്തത്.

● ഇന്ത്യയോട് അനുഭാവം പുലർത്തിയിരുന്ന ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ലേബർ പാർട്ടി അധികാരത്തിൽ വന്നത്.

33. ● റഷ്യൻ വിപ്ലവത്തെ തുടർന്ന് സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം ഇന്ത്യയിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനിടയാക്കി.

● ആദ്യകാലത്ത് ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളി സംഘടനകൾ

a) അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ

b) മദ്രാസ് ലേബർ യൂണിയൻ

● 1920ൽ എൻ.എം. ജോഷി, ലാലാലജ്പത്റായി എന്നിവർ മുൻകൈ എടുത്ത് അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് (AITUC)രൂപീകരിച്ചു.

ഈ സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ

● തൊഴിലാളി വർഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

● ഇന്ത്യൻ തൊഴിലാളി വർഗം രാജ്യത്തിനു പുറത്തുള്ള തൊഴിലാളി വർഗവുമായി ചേർന്നു പ്രവർത്തിക്കുക.

● സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സജീവ പങ്കുവഹിക്കുക.

● ബ്രിട്ടീഷുകാരുടെ നികുതിനയങ്ങളും സെമിന്ദാർമാരുടെ ചൂഷണവും കാർഷിക ഉൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവും കർഷകരുടെ ഇടയിൽ കൂട്ടായ്മയുടെ ആവശ്യകത ബോധ്യപ്പെടുത്തി. ഇത് കർഷക പ്രസ്ഥാനങ്ങളുടെ രൂപീകരണത്തിന് കാരണമായി.

● ലാഹോറിൽ വച്ച് അഖിലേന്ത്യാ കിസാൻ കോൺഗ്രസ് സ്ഥാപിതമായി. പിൽക്കാലത്ത് ഇത് അഖിലേന്ത്യാ കിസാൻസഭ എന്ന പേരു സ്വീകരിച്ചു. ബോംബെയിലെ അഖിലേന്ത്യാ കിസാൻ സമിതി സമ്മേളനത്തിൽവച്ച് കർഷകരുടെ ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കിസാൻ മാനിഫെസ്റ്റോയ്ക്ക് രൂപം നൽകി.

ഇതിലെ പ്രധാന ആവശ്യങ്ങൾ :-

● ഭൂനികുതിയും പാട്ടവും 50% കുറയ്ക്കുക.

● കടങ്ങൾ മരവിപ്പിക്കുക

● ഫ്യൂഡൽ നികുതികൾ റദ്ദാക്കുക.

● കർഷകത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക.

● കർഷക യൂണിയനുകളെ അംഗീകരിക്കുക.

● കർഷകരുടെയും തൊഴിലാളികളുടെയും ഒത്തുചേരലും പ്രതിഷേധവും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ഉണർവേകി.

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. ഫോർവേർഡ് ബ്ലോക്ക് എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചത് ആര് ? (1)
2. ഇന്ത്യയിലെ രണ്ട് ഖിലാഫത്ത് നേതാക്കന്മാരുടെ പേര് എഴുതുക ? (2)
3. ഇന്ത്യയുടെ ദേശീയ സമരത്തിൽ തൊഴിലാളികളും കർഷകരും നടത്തിയ സമരങ്ങൾ, നടന്ന സ്ഥലങ്ങൾ എന്നിവ ലിസ്റ്റ് ചെയ്യുക? (3)

| സമരങ്ങൾ | നടന്ന സ്ഥലങ്ങൾ |
|---|---|
| | |

4. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രാദേശിക സമരങ്ങൾ - ദേശീയ സമരങ്ങൾ - വേറിട്ട വഴികൾ എന്നിവ പട്ടികപ്പെടുത്തുക.? (4)

## ഉത്തരങ്ങൾ

1. സുഭാഷ് ചന്ദ്രബോസ്
2. മൗലാനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി
3.

| സമരങ്ങൾ | നടന്ന സ്ഥലങ്ങൾ |
|---|---|
| തേഭാഗ സമരം | ബംഗാൾ |
| തെലങ്കാന സമരം | ആന്ധ്രാപ്രദേശ് |
| നാവിക കലാപം | ബോംബെ |

4.

| പ്രാദേശിക സമരം | ദേശീയ സമരം | വേറിട്ട വഴികൾ |
|---|---|---|
| ●ചമ്പാരനിലെ നീലം കർഷകരുടെ സമരം<br>●അഹമ്മദാബാദ് തുണിമിൽ സമരം<br>●ഖേഡ കർഷക സമരം | ●നിസ്സഹകരണ സമരം<br>●സിവിൽ നിയമലംഘനം<br>●ക്വിറ്റ് ഇന്ത്യാ സമരം | ●സ്വരാജ് പാർട്ടി<br>●സോഷ്യലിസ്റ്റ് പ്രസ്ഥാനം<br>●വിപ്ലവ പ്രസ്ഥാനങ്ങൾ<br>●തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ |

## അധ്യായം-7

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

## ആമുഖം

നൂറ്റാണ്ടുകളായുള്ള വൈദേശിക ഭരണത്തിനും ചൂഷണത്തിനും ശേഷം സ്വതന്ത്രയായ ഇന്ത്യ നേരിട്ട വെല്ലുവിളികൾ എന്തെല്ലാമെന്നും അവ എപ്രകാരം തരണം ചെയ്താണ് ആധുനിക ഇന്ത്യ സൃഷ്ടിക്കപ്പെട്ടതെന്നും ഈ പാഠഭാഗം ചർച്ചചെയ്യുന്നു. വിഭജനവും അഭയാർത്ഥി പ്രവാഹവും തുടങ്ങി സ്വതന്ത്ര ഇന്ത്യ നേരിട്ട നാട്ടുരാജ്യങ്ങളുടെ സംയോജനം, ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം, സാമ്പത്തിക മേഖലയിലെ മുന്നേറ്റങ്ങൾ, ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ, വിദ്യാഭ്യാസ പുരോഗതി, സാസംസ്കാരിക നേട്ടങ്ങൾ, ഉന്നമനം, വിദേശനയം എന്നിവയുടെ വിശദമായ വിശകലനത്തിലൂടെ കുട്ടികളെ ആധുനിക ഭാരതനിർമ്മാണത്തിൽ പങ്കാളികളാകുന്നതിനുള്ള പ്രാപ്തിയും പ്രേരണയും നൽകുക എന്നതാണ് പാഠഭാഗത്തിന്റെ വിനിമയം ലക്ഷ്യമിടുന്നത്.

### പ്രധാന ആശയങ്ങൾ

1. വിഭജനം
2. അഭയാർത്ഥി പ്രവാഹം
3. നാട്ടുരാജ്യങ്ങളുടെ സംയോജനം
4. ഭരണഘടന രൂപീകരണവും ആദ്യ പൊതുതെരഞ്ഞെടുപ്പും
5. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം.
6. സാമ്പത്തിക മേഖലയിലെ മുന്നേറ്റങ്ങൾ
7. ശാസ്ത്ര-സാങ്കേതിക നേട്ടങ്ങൾ
8. ഇന്ത്യയും ബഹിരാകാശ ഗവേഷണവും
9. വിദ്യാഭ്യാസ നേട്ടങ്ങൾ
10. സാംസ്കാരിക നേട്ടങ്ങൾ
11. വിദേശനയം - പഞ്ചശീലതത്വങ്ങൾ

## ചോദ്യങ്ങൾ


1. 'നമ്മുടെ ജീവിതത്തിൽ നിന്ന് പ്രകാശം മറഞ്ഞുപോയിരിക്കുന്നു എവിടെയും ഇരുട്ടാണ്' ഗാന്ധിജിയുടെ മരണത്തെപ്പറ്റി ഇങ്ങനെ പറഞ്ഞ വ്യക്തിയാര്? (1)
2. സ്വാതന്ത്ര്യാനന്തര ഇന്ത്യ അഭിമുഖീകരിച്ച പ്രധാന വെല്ലുവിളികൾ എന്തെല്ലാമായിരുന്നു. (2)
3. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന പ്രധാനവെല്ലുവിളി വിഭജനവും അതേതുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹവുമായിരുന്നു വിലയിരുത്തുക. (3)

4. സർദാർ പട്ടേലിനും നെഹ്റുവിനുമൊപ്പം നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ നിർണായക പങ്ക് വഹിച്ച മലയാളി ആര്? (1)
5. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനുവേണ്ടി രൂപീകരിച്ച ലയനക്കരാറിലെ പ്രധാനവ്യവസ്ഥകൾ വ്യക്തമാക്കുക? (2)
6. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് വേണ്ടി സർദാർ പട്ടേലും വി.പി. മേനോനും വഹിച്ച പങ്ക് വിലയിരുത്തുക. (4)
7. 1946ൽ രൂപീകരിച്ച ഭരണഘടനാ നിർമ്മാണ സഭയുടെ അധ്യക്ഷൻ ആരായിരുന്നു? (1)
8. ഭരണഘടനാ രൂപീകരണത്തിലേയ്ക്ക് നയിച്ച വിവിധ ഘട്ടങ്ങൾ വിലയിരുത്തുക? (4)
9. സംസ്ഥാന പുനഃസംഘടനാ കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം? (3)
10. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്ക് ഭാഷ ഒരു മാനദണ്ഡമായി എടുക്കാൻ കാരണമെന്ത്? (4)
11. ഭാഷാടിസ്ഥാനത്തിൽ കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ച ആദ്യത്തെ കോൺഗ്രസ് സമ്മേളനം നടന്ന വർഷം (1)
12. തെലുങ്ക് സംസാരിക്കുന്നവർക്ക് വേണ്ടി ഒരു പ്രത്യേക സംസ്ഥാനം വേണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് നിരാഹാരമനുഷ്ഠിച്ച് മരണം വരിച്ച സ്വാതന്ത്ര്യ സമരസേനാനി ആര്? (1)
13. സംസ്ഥാന പുഃസംഘടനാ നിയമം പാസാക്കിയ വർഷം? (1)
14. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തിക പുരോഗതിയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം? (3)
15. ഇന്ത്യയിൽ ആസൂത്രണ കമ്മീഷൻ നിലവിൽവന്ന വർഷം? (1)
16. പഞ്ചവൽസര പദ്ധതികൾ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ സഹായിച്ചതെങ്ങനെ? (2)
17. ഇന്ത്യയുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിൽ വൻകിട അണക്കെട്ടുകൾ പ്രധാനപങ്ക് വഹിച്ചു. സമർത്ഥിക്കുക (4)
18. ചുവടെ നൽകിയിട്ടുള്ള വർക്ക് ഷീറ്റ് പൂർത്തിയാക്കുക. (4)

| ഇരുമ്പുരുക്കു വ്യവസായശാലകൾ | സഹായം നൽകിയ രാഷ്ട്രം |
|---|---|
| • ഭിലായ് | • |
| • | • സോവിയറ്റ് യൂണിയൻ |
| • റൂർക്കേല | • |
| • | • ബ്രിട്ടൺ |

19. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതട പദ്ധതി ഏത്? (1)
20. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആദ്യമായി നിലവിൽ വന്ന ശാസ്ത്രസാങ്കേതിക ഗവേഷണ സമിതികൾ ഏതെല്ലാം? (3)
21. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ശാസ്ത്രരംഗത്തെ നേട്ടങ്ങൾ വിശദമാക്കുക (6)
22. ബഹിരാകാശ രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമായത് വിശദമാക്കുക? (6)
23. ''ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ്മുറികളിലാണ്'' വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞ വ്യക്തിയാര്? (1)

24. പുതിയ സഹസ്രാബ്ദത്തിലേക്ക് ഇന്ത്യയെ നയിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ വിദ്യാഭ്യാസ നയമേത്? (1)
25. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിലവിൽ വന്ന വിദ്യാഭ്യാസ കമ്മിഷനുകളെപ്പറ്റി ഒരു ലഘുവിവരണം തയ്യാറാക്കുക? (3)
26. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദേശങ്ങൾ എന്തെല്ലാം? (4)
27. ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം? (2)
28. ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റത്തിന് പ്രോത്സാഹനം നൽകുവാനായി ആരംഭിച്ച സ്ഥാപനമാണ് സംഗീതനാടക അക്കാദമി മറ്റ് പ്രധാനപ്പെട്ട നാലു സ്ഥാപനങ്ങൾ രേഖപ്പെടുത്തുക (4)
29. ഇന്ത്യൻ വിദേശ നയത്തിന്റെ മുഖ്യശില്പി ആര് ? (1)
30. ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാനപ്പെട്ട തത്വങ്ങൾ ഏതെല്ലാം? (4)
31. 1954-ൽ ഇന്ത്യ ചൈനയുമായി ഒപ്പുവെച്ച കരാറാണ് 'പഞ്ചശീലതത്വങ്ങൾ' പഞ്ചശീലതത്വങ്ങൾ ഏതെല്ലാം? (4)
32. ചുവടെ നൽകിയിട്ടുള്ള പദസൂര്യൻ പൂർത്തിയാക്കുക. (3)




33. ചുവടെ തന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക (4)

| | |
|---|---|
| ഹോമി ജെ ഭാഭ | പഞ്ചശീലതത്വങ്ങൾ |
| വി.പി. മേനോൻ | ഡ്രാഫ്റ്റിംഗ് കമ്മിറ്റി |
| ചൗഎൻലായി | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| ബി.ആർ. അംബേദ്കർ | ലയനക്കരാർ |

34. എ കോളത്തിനനുയോജ്യമായവ ബി കോളത്തിൽ നിന്നും കണ്ടെത്തി രേഖപ്പെടുത്തുക. (4)

| | |
|---|---|
| നാട്ടുരാജ്യങ്ങളുടെ സംയോജനം | ഫസൽ അലി |
| സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ | വല്ലഭായ് പട്ടേൽ |
| ഭാഷാ സംസ്ഥാനം | ഐ.എസ്.ആർ.ഒ |
| വിക്രംസാരാഭായ് | പോറ്റി ശ്രീരാമലു |

# ഉത്തരസൂചിക

1. ജവഹർലാൽ നെഹ്റു
2. ● ഇന്ത്യാവിഭജനം
   ● അഭയാർത്ഥി പ്രവാഹം
   ● നാട്ടുരാജ്യങ്ങളുടെ സംയോജനം
   ● ഭരണഘടനയുടെ കരട് രൂപം തയ്യാറാക്കൽ
   ● ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുനഃസംഘടന
3. ● ഇന്ത്യാ-പാക് വിഭജനത്തെ തുടർന്നുണ്ടായ വർഗ്ഗീയ രാഷ്ട്രീയ ലഹളകൾ
   ● കൽക്കട്ട, ബീഹാർ, നവഖാലി, ദില്ലി, പഞ്ചാബ്, കാശ്മീർ എന്നിവിടങ്ങളിലെ കലാപങ്ങൾ രക്തരൂക്ഷിതമായിരുന്നു. ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു.
   ● സർവ്വതും നഷ്ടപ്പെട്ട് പത്തുലക്ഷത്തോളം പേർ ഇന്ത്യയിൽ നിന്ന് പാകിസ്ഥാനിലോട്ടും തിരിച്ചും അഭയാർത്ഥികളായി മാറി.
4. വി.പി. മേനോൻ
5. ● നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് സർദാർപട്ടേലും വി.പി. മേനോനും ചേർന്ന് ഒരു ലയനക്കരാർ തയ്യാറാക്കി.
   ● കരാർ അനുസരിച്ച് പ്രതിരോധം, വിദേശകാര്യം വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.
6. ● സ്വാതന്ത്ര്യത്തിന് മുൻപ് ഇന്ത്യയിൽ അറുനൂറിൽപ്പരം നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു.
   ● നാട്ടുരാജ്യങ്ങൾക്ക് ഏതുയൂണിയനിലും ലയിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു.
   ● കേന്ദ്രമന്ത്രിസഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ പട്ടേലിനായിരുന്നു.
   ● സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി മലയാളിയായ വി.പി.മേനോൻ ആയിരുന്നു.
   ● പട്ടേലും വി.പി.മേനോനും ചേർന്ന് ലയനക്കരാർ തയ്യാറാക്കി.
   ● പ്രതിരോധം, വിദേശകാര്യം, വർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്ര ഗവൺമെന്റിന് കൈമാറണം.
   ● ഹൈദരാബാദ്, ജുനഗഡ്, കാശ്മീർ എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു.
   ● അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചു.
7. ഡോ. രാജേന്ദ്രപ്രസാദ്
8. ● ക്യാബിനറ്റ് കമ്മീഷന്റെ നിർദേശപ്രകാരം 1946ൽ ഡോ. രാജേന്ദ്രപ്രസാദ് അദ്ധ്യക്ഷനായി ഭരണഘടനാ നിർമ്മാണ സഭ രൂപീകരിച്ചു.
   ● ഭരണഘടന എഴുതി തയ്യാറാക്കാനായി. ബി.ആർ. അംബേദ്കർ ചെയർമാനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയെ നിയമിച്ചു. നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനയ്ക്ക് രൂപം നൽകി.
   ● ഇന്ത്യൻ സ്വാതന്ത്ര്യസമരാശയങ്ങളുടെ പ്രതിഫലനമായിരുന്നു ഇന്ത്യൻ ഭരണഘടന അനുസരിച്ച് 1950 ജനുവരി 26 ഇന്ത്യ ഒരു റിപ്പബ്ലിക്കായി മാറി.
9. ഫസൽ അലി, എച്ച്.എൻ. കുൻസ്രു, സർദാർ കെ.എം. പണിക്കർ
10. ● ഒരു നാട്ടുരാജ്യത്ത് തന്നെ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരുന്നു. അതിനാൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്നു.

- സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ജനകീയ പ്രക്ഷോഭങ്ങൾ ആരംഭിച്ചു. പോറ്റി ശ്രീരാമലൂ നിരാഹാരസമരം നടത്തുകയും തുടർന്ന് മരണപ്പെടുകയും ചെയ്തത് പ്രക്ഷോഭം രൂക്ഷമാക്കുകയും തുടർന്ന് തെലുങ്ക് സംസാരിക്കുന്നവർക്ക് വേണ്ടി 1953-ൽ ആന്ധ്രാപ്രദേശ് സംസ്ഥാനം രൂപീകരിച്ചു.
- ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനായി സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ രൂപീകരിച്ചു.
- കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956ൽ ഇന്ത്യൻ സംസ്ഥാന പുനഃസംഘടനാ നിയമം പാർലമെന്റ് പാസാക്കുകയും അതനുസരിച്ച് 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വരുകയും ചെയ്തു.

11. നാഗ്പൂർ സമ്മേളനം
12. പോറ്റി ശ്രീരാമലു
13. 1956
14. - മിശ്രസമ്പദ്‌വ്യവസ്ഥ
    - കേന്ദ്രീകൃത സാമ്പത്തിക പദ്ധതി
    - ആസൂത്രണകമ്മീഷന്റെ രൂപീകരണം
    - പഞ്ചവൽസരപദ്ധതിയുടെ തുടക്കം
    - കാർഷിക വ്യവസായ മേഖലയുടെ അഭിവൃദ്ധി
    - ഇരുമ്പുരുക്ക് വ്യവസായ ശാലകൾക്കുള്ള വിദേശ സഹായം
15. 1950 മാർച്ച് മാസം
16. - കാർഷിക വ്യാവസായിക മേഖലയുടെ പുരോഗതി
    - ദാരിദ്ര്യനിർമ്മാർജ്ജനം
    - വിദ്യാഭ്യാസ മേഖലയിലെ പുരോഗതി
    - ഇരുമ്പുരുക്ക് വ്യവസായശാലകളുടെ രൂപീകരണം
    - ഡാമുകളുടെ നിർമ്മാണം.
17. - കൃഷിക്കാവശ്യമായ ജലത്തിന്റെയും വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുത ഊർജ്ജത്തിന്റെയും ലഭ്യത.
    - ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതടപദ്ധതിയായ ഭക്രാനംഗൽ പദ്ധതിയുടെ ആരംഭം, മറ്റ് അണക്കെട്ടുകളുടെ നിർമ്മാണം.
    - ജലസേചന സൗകര്യങ്ങൾ ലഭ്യമായതോടെ ഇന്ത്യയിലെ കാർഷികോല്പദാന വർദ്ധനവ്- ഊർജ്ജ ത്തിന്റെ ലഭ്യത-വ്യവസായങ്ങളുടെ വളർച്ച.
18.

| ഇരുമ്പുരുക്കു വ്യവസായശാലകൾ | സഹായം നൽകിയ രാഷ്ട്രം |
|---|---|
| • ഭിലായ് | • സോവിയറ്റ് യൂണിയൻ |
| • ബൊക്കാറോ | • സോവിയറ്റ് യൂണിയൻ |
| • റൂർക്കേല | • ജർമ്മനി |
| • ദുർഗ്ഗാപ്പൂർ | • ബ്രിട്ടൺ |

19. ഭക്രാനംഗൽ

20. ശാസ്ത്ര-വ്യാവസായിക ഗവേഷണസമിതി
ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി

21. ● ഗവേഷക സ്ഥാപനങ്ങൾ
- ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
- ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

22. ● സ്വാതന്ത്ര്യനന്തരം ഇന്ത്യ ബഹിരാകാശരംഗത്ത് നിരവധി പരീക്ഷണങ്ങൾ നടത്തി.
- 1962-ൽ ജവഹർലാൽ നെഹ്റുവിന്റെയും വിക്രം സാരാഭായിയുടേയും നേതൃത്വത്തിൽ രൂപംകൊണ്ട ദേശീയ ബഹിരാകാശ ഗവേഷണസമിതി.
- 1969-ലെ ഐ.എസ്.ആർ.ഓയുടെ രൂപീകരണം
- തുമ്പറോക്കറ്റ് വിക്ഷേപണ കേന്ദ്രം
- 1975-ൽ ഒന്നാമത്തെ ഉപഗ്രഹമായ ആര്യഭട്ടയുടെ വിക്ഷേപണം.
- നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോറട്ടറി എന്നിവയുടെ രൂപീകരണം.
- മിസൈൽ സാങ്കേതിക രംഗത്തെ മുന്നേറ്റം- ഡോ.രാജാരാമണ്ണ, ജോ. എ.പി.ജെ. അബ്ദുൽകലാം, അഗ്നി-പൃഥി മിസൈലുകൾ ചാന്ദ്രയാൻ, മംഗൾയാൻ തുടങ്ങിയവ

23. ഡോ. ഡി.എസ്. കോത്താരി

24. 1986ലെ ദേശീയ വിദ്യാഭ്യാസ നയം

25.

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ●ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | ●സർവകലാശാല വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | ●തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക. സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ (U.G.C) രൂപീകരിക്കണം. |
| ●ഡോ.ലക്ഷമണസ്വാമി മുതലിയാർ കമ്മീഷൻ (1952) | ●സെക്കന്ററി വിദ്യാഭ്യാസം<br>രൂപീകരിക്കണം. | ●ത്രിഭാഷാ പദ്ധതി അദ്ധ്യാപക പരിശീലനസമിതി |
| ●ഡോ.ഡി.എസ്. കോത്താരി കമ്മീഷൻ | ●വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെ പറ്റിയുള്ള നിർദേശം | ●10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം ധാർമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. |

26. ● പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.

● പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കണം.

● ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾക്ക് സ്ഥാപിക്കണം.

● പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

27. ● പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സർവത്രികമാക്കുക.

● സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

28. ● സംഗീത നാടക അക്കാദമി

● ലളിതകലാ അക്കാദമി

● സാഹിത്യ അക്കാദമി

● നാഷണൽ സ്കൂൾ ഓഫ്ഡ്രാമ

● നാഷണൽ ബുക്ക്ട്രസ്റ്റ് ഓഫ് ഇന്ത്യ

29. ജവഹർലാൽ നെഹ്റു

30. ● സാമ്രാജ്യത്തോടും കൊളോണിയൽ വ്യവസ്ഥോടുമുള്ള എതിർപ്പ്

● വംശീയവാദത്തോടുള്ള വിദ്വേഷം

● ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം

● സമാധാനപരമായ സഹവർത്തിത്വം

● പഞ്ചശീല തത്വങ്ങൾ

● വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ

● ചേരിചേരായ്മ.

31. ● രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.


● പരസ്പരം ആക്രമിക്കാതിരിക്കുക

● ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.

● സമത്വവും പരസ്പര സഹായവും പുലർത്തുക.

● സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

32.



33.

| | |
|---|---|
| ഹോമി ജെ ഭാഭ | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| വി.പി. മേനോൻ | ലയനക്കരാർ |
| ചൗഎൻലായി | പഞ്ചശീലതത്വങ്ങൾ |
| ബി.ആർ. അംബേദ്കർ | ഡ്രാഫ്റ്റിംഗ് കമ്മിറ്റി |


34.

| | |
|---|---|
| നാട്ടുരാജ്യങ്ങളുടെ സംയോജനം | വല്ലഭായ് പട്ടേൽ |
| സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ | ഫസൽ അലി |
| ഭാഷാ സംസ്ഥാനം | പോറ്റി ശ്രീരാമലു |
| വിക്രംസാരാഭായ് | ഐ.എസ്.ആർ.ഒ |

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. പദസൂര്യൻ പൂർത്തിയാക്കുക (2)




2. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് നേതൃത്വം നൽകിയ വ്യക്തികൾ ആരെല്ലാം (2)
3. ലയനക്കരാറിലെ പ്രധാന വ്യവസ്ഥകൾ ഏതെല്ലാം? (3)
4. ഭരണഘടനാ നിർമ്മാണസഭയുടെ അദ്ധ്യക്ഷൻ ആരായിരുന്നു? (1)
5. സംസ്ഥാന പുനഃസംഘടനാ കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം? (3)
6. ആന്ധ്രസംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട് മരണം വരിച്ച വ്യക്തി ആര്?
7. പഞ്ചവൽസര പദ്ധതികൾ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ സഹായിച്ചതെങ്ങനെ? (2)

8. വർക്ക്ഷീറ്റ് പൂർത്തിയാക്കുക. (4)

| ഇരുമ്പുരുക്കു വ്യവസായശാലകൾ | സഹായം നൽകിയ രാഷ്ട്രം |
|---|---|
| • ഭിലായ് | • |
| • | • സോവിയറ്റ് യൂണിയൻ |
| • റൂർക്കേല | • |
| • | • ബ്രിട്ടൺ |

9. ബഹിരാകാശ രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ പട്ടികപ്പെടുത്തുക (5)

10. ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ പറ്റി ഇങ്ങനെ പറഞ്ഞ വ്യക്തിയാര്? (1)


11. പുതിയ സഹസ്രാബ്ദത്തിലേക്ക് ഇന്ത്യയെ നയിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ വിദ്യാഭ്യാസ നയമേത് (1)

12. 1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രധാന നിർദേശങ്ങൾ എന്തെല്ലാം? (4)

13. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം? (2)

14. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശില്പി ആര്? (1)

15. പദസൂര്യൻ പൂർത്തിയാക്കുക. (3)




16. എ കോളത്തിനനുയോജ്യമായവ ബി കോളത്തിൽ നിന്നും കണ്ടെത്തി രേഖപ്പെടുത്തുക


| എ | ബി |
|---|---|
| സംസ്ഥാനങ്ങളുടെ പുനഃസംഘടന | വല്ലഭായ് പട്ടേൽ |
| നാട്ടുരാജ്യ സംയോജനം | ഫസൽ അലി |
| ഭാഷാ സംസ്ഥാനം | ISRO |
| വിക്രം സാരാഭായ് | പോറ്റി ശ്രീരാമലു |

17. പട്ടിക ക്രമപ്പെടുത്തുക (4)

| | |
|---|---|
| ഹോമി ജെ. ഭാഭ | പഞ്ചശീലതത്വങ്ങൾ |
| വി.പി. മേനോൻ | ഡ്രാഫ്റ്റിംഗ് കമ്മിറ്റി |
| ചൗഎൻ ലായി | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| ബി.ആർ. അംബേദ്കർ | ലയനക്കരാർ |

## ഉത്തരങ്ങൾ

1.




2. സർദാർ വല്ലഭായ് പട്ടേൽ
   വി.പി. മേനോൻ
3. പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.
4. ഡോ. രാജേന്ദ്രപ്രസാദ്
5. ഫസൽ അലി
   എച്ച്.എൻ. കുൻസ്രു
   സർദാർ കെ.എം. പണിക്കർ
6. പോറ്റി ശ്രീരാമലു
7. കാർഷിക മേഖലയുടെ പുരോഗതി
   ദാരിദ്ര്യ നിർമാർജനം
   വിദ്യാഭ്യാസ പുരോഗതി
   ഡാമുകളുടെ നിർമ്മാണം.

8.

| ഇരുമ്പുരുക്കു വ്യവസായശാലകൾ | സഹായം നൽകിയ രാഷ്ട്രം |
|---|---|
| • ഭിലായ് | • സോവിയറ്റ് യൂണിയൻ |
| • ബൊക്കാറോ | • സോവിയറ്റ് യൂണിയൻ |
| • റൂർക്കേല | • ജർമ്മനി |
| • ദുർഗ്ഗാപൂർ | • ബ്രിട്ടൺ |

9. ● ദേശീയ ബഹിരാകാശ ഗവേഷണ സമിതി
   ● ISRO രൂപീകരണം
   ● തുമ്പറോക്കറ്റ് വിക്ഷേപണകേന്ദ്രം
   ● ആര്യഭട്ട വിക്ഷേപണം.
   ● മിസൈൽ മുന്നേറ്റം.

10. ഡോ. ഡി.എസ്. കോത്താരി


11. 1986ലെ ദേശീയ വിദ്യാഭ്യാസ നയം

12. ● പ്രാഥമിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം.
   ● ഓപ്പറേഷൻ ബ്ലാക്ക്ബോർഡ്
   ● നവോദയവിദ്യാലയങ്ങൾ
   ● സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം.

13. ● പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കുക
   ● സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക

14. ജവഹർലാൽ നെഹ്റു

15.



16.

| എ | ബി |
|---|---|
| സംസ്ഥാനങ്ങളുടെ പുനഃസംഘടന | ഫസൽ അലി |
| നാട്ടുരാജ്യ സംയോജനം | വല്ലഭായ് പട്ടേൽ |
| ഭാഷാ സംസ്ഥാനം | പോറ്റി ശ്രീരാമലു |
| വിക്രം സാരാഭായ് | ISRO |

17.

| | |
|---|---|
| ഹോമി ജെ. ഭാഭ | ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ |
| വി.പി. മേനോൻ | ലയനക്കരാർ |
| ചൗഎൻ ലായി | പഞ്ചശീലതത്വങ്ങൾ |
| ബി.ആർ. അംബേദ്കർ | ഡ്രാഫ്റ്റിംഗ് കമ്മിറ്റി |

അധ്യായം – 8

# കേരളം ആധുനികതയിലേക്ക്

## ആമുഖം

കേരളം ആധുനികതയിലേക്ക് എന്ന പാഠഭാഗത്തിലൂടെ കേരളത്തിലെ വിദേശ ആധിപത്യം, ബ്രിട്ടീഷ് ചൂഷണങ്ങൾക്കെതിരെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ചെറുത്തുനിൽപ്പുകൾ, കൃഷിയിലെ വാണിജ്യവൽക്കരണം, 19 ഉം 20 ഉം നൂറ്റാണ്ടിൽ ഉയർന്നുവന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, ദേശീയ പ്രസ്ഥാനത്തിലെ സ്ത്രീ സാന്നിധ്യം, ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹര്യങ്ങൾ എന്നിവ ഈ യൂണിറ്റിൽ വിശദമായി പ്രതിപാദിക്കുന്നു.

### ആശയങ്ങൾ

1. കേരളത്തിലേക്ക് വന്ന യൂറോപ്യൻ ശക്തികൾ - പോർട്ടുഗീസുകാർ, ഡച്ചുകാർ, ബ്രിട്ടീഷുകാർ, ഫ്രഞ്ചുകാർ
2. ആറ്റിങ്ങൽ കലാപം
3. ആദ്യകാല ചെറുത്തുനിൽപ്പുകൾ
4. കൃഷിയുടെ വാണിജ്യവൽക്കരണം
5. സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ
6. ഐക്യകേരള രൂപീകരണം.

## ചോദ്യങ്ങൾ

1. കുളച്ചൽ യുദ്ധം നടന്ന വർഷം? (1)
2. മലയാള ഭാഷയിലെ ആദ്യ നിഘണ്ടു രൂപപ്പെടുത്തിയത് ആര്? (1)
3. 1817-ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ട് വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി? (1)
4. സ്വദേശാഭിമാനി പത്രത്തിന്റെ പത്രാധിപർ? (1)
5. ഒന്നേകാൽകോടി മലയാളികൾ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്? (1)
6. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ വ്യപാരം മെച്ചപ്പെടുത്താൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികൾ ഏവ? (2)
7. കൃഷിയുടെ വാണിജ്യവൽക്കരണം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ഏവ? (2)
8. നിവർത്തന പ്രക്ഷോഭത്തിന്റെ പ്രാധാന്യം എന്ത്? (2)
9. കേരള സംസ്ഥാന രൂപീകരണത്തിന്റെ ഭാഗമായി ചില താലൂക്കുകൾ കേരളത്തിനോട് കൂട്ടിചേർക്കണ്ട തായും ചില താലൂക്കുകൾ മദിരാശി സംസ്ഥാനത്തിന് വിട്ടുകൊടുക്കേണ്ടതായും വന്നു. താലൂക്കുകൾ ചുവടെ ചേർക്കുന്നു. പട്ടികപ്പെടുത്തുക.

(വിളവൻകോട്, കാസർഗോഡ്, ഹോസ്ദുർഗ്, തോവാള കൽക്കുളം, അഗസ്തീശ്വരം)

| വിട്ടുകൊടുത്തവ | കൂട്ടിച്ചേർത്തവ |
|---|---|
| | |

10. കേരളത്തിലേക്ക് വന്ന യൂറോപ്യൻ ശക്തികൾ ആരെല്ലാം? (2)
11. കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ മുൻകൈ എടുത്ത മിഷനറി സംഘങ്ങൾ അവരുടെ പ്രവർത്തന മേഖലകൾ എന്നിവ പട്ടികപ്പെടുത്തുക? (3)
12. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപമാണ് ആറ്റിങ്ങൽ കലാപം-സമർഥിക്കുക?
13. കേരള ചരിത്രത്തിൽ കുളച്ചൽ യുദ്ധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക? (3)
14. ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുക? (3)
15. കേരള ദേശീയ പ്രസ്ഥാനത്തിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക? (3)
16. ബ്രിട്ടീഷ് ഭരണം കേരളത്തിലെ ഭൂബന്ധങ്ങളിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുക. (4)
17. കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് വൈക്കം സത്യാഗ്രഹവും, ഗുരുവായൂർ സത്യാഗ്രഹവും വഹിച്ച പങ്ക് വിലയിരുത്തുക? (4)
18. ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകൾ, പ്രദേശങ്ങൾ, നേതാക്കൾ, കാരണങ്ങൾ എന്നിവ പട്ടികപ്പെടുത്തുക? (4)
19. ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനഫലമായി നിയമരംഗത്തും, ആരോഗ്യരംഗത്തും ഉണ്ടായ പുരോഗതി വിലയിരുത്തുക? (4)
20. ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൽ ആരംഭിച്ച ആധുനിക വ്യവസായങ്ങൾ, സ്ഥലങ്ങൾ എന്നിവ പട്ടികപ്പെടുത്തുക? (4)
21. മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ ഇവ എന്തെന്ന് വ്യക്തമാക്കുക? (4)
22. കേരളത്തിലെ സാമൂഹിക പരിഷ്ക്കർത്താക്കളുടെ ആശയങ്ങൾ വർത്തമാനകാല കേരള സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്. ശ്രീനാരായണ ഗുരുവിന്റെ ആദർശങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുക? (4)
23. കുണ്ടറ വിളംബരത്തിന്റെ പ്രാധാന്യം എഴുതുക? (4)
24. ഐക്യകേരള രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിലിയിരുത്തുക? (4)
25. കേരളത്തിൽ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ നടന്ന രാഷ്ട്രീയ പ്രക്ഷോഭങ്ങളെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക? (4)
26. കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കൾ, അവരുടെ പ്രവർത്തനങ്ങൾ/ പ്രസ്ഥാനങ്ങൾ എന്നിവ പട്ടികപ്പെടുത്തുക? (4)

27. താഴെ കൊടുത്തിരിക്കുന്ന സംഭവവുമായി ബന്ധപ്പെട്ട വ്യക്തികളെ ബ്രാക്കറ്റിൽ നിന്നും കണ്ടെത്തി പട്ടിക പൂർത്തിയാക്കുക? (4)

(കെ.കേളപ്പൻ, ഡോ. പൽപ്പു, പഴശ്ശിരാജ, ബാരിസ്റ്റർ ജി.പി.പിള്ള, ശ്രീനാരായണ ഗുരു, വേലുത്തമ്പിദളവ, റ്റി.കെ. മാധവൻ, കെ.ബി. മേനോൻ)

| | |
|---|---|
| കുണ്ടറ വിളംബരം | |
| വൈക്കം സത്യാഗ്രഹം | |
| ഗുരുവായൂർ സത്യാഗ്രഹം | |
| കിഴരിയൂർ ബോംബ് കേസ് | |
| മലയാളി മെമ്മോറിയൽ | |
| ഈഴവ മെമ്മോറിയൽ | |

## ഉത്തരസൂചിക

1. 1741
2. അർണോസ് പാതിരി
3. ഗൗരി പാർവ്വതിഭായി
4. രാമകൃഷ്ണപ്പിള്ള
5. ഇ.എം.എസ്. നമ്പൂതിരിപ്പാട്
6. 
   - ഏകീകൃത നാണയ വ്യവസ്ഥ നടപ്പിലാക്കി.
   - തുറമുഖങ്ങൾ വികസിപ്പിച്ചു.
   - അളവുതൂക്ക സമ്പ്രദായം നടപ്പിലാക്കി.
   - വ്യാപാര നിയമങ്ങൾ അനുകൂലമാക്കി.
7. 
   - കമ്പോളത്തെ ലക്ഷ്യമാക്കിയുള്ള കൃഷി
   - നെല്ലിനുപകരം കാപ്പി, തെങ്ങ്, തേയില, ഏലം, റബ്ബർ, തേക്ക് എന്നിവ കൃഷി ചെയ്യാൻ തുടങ്ങി
8. 
   - സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യൻ-മുസ്ലിം-ഈഴവ സമുദായങ്ങൾ 1932-ൽ ആരംഭിച്ച പ്രക്ഷോഭം.
   - എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ്, സി. കേശവൻ എന്നിവർ നേതൃത്വം നൽകി.
9. 

| വിട്ടുകൊടുത്തവ | കൂട്ടിച്ചേർത്തവ |
|---|---|
| ● തോവാള | ● കാസർകോഡ് |
| ● അഗസ്തീശ്വരം | ● ഹോസ്ദുർഗ് |
| ● കൽക്കുളം | |
| ● വിളവൻകോട് | |

10. പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ

11.

| മിഷനറി സംഘം | പ്രവർത്തന മേഖല |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി (LMS) | തിരുവിതാംകൂർ |
| ചർച്ച് മിഷൻ സൊസൈറ്റി (CMS) | കൊച്ചി തിരുവിതാംകൂർ |
| ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (BEM) | മലബാർ |

12.
- ഈസ്റ്റ് ഇന്ത്യാ പ്രതിനിധിയായി 1615ൽ വില്യം കീലിങ് കേരളത്തിലെത്തി.
- സാമൂതിരിയെ സന്ദർശിച്ച് വ്യാപാര ഉടമ്പടി ഒപ്പുവെച്ചു.
- തലശ്ശേരി, അഞ്ചുതെങ്ങ് എന്നിവിടങ്ങളിൽ പാണ്ടികശാലകളും, ആറ്റിങ്ങൽ അഞ്ചുതെങ്ങിൽ കോട്ട പണിയാനുള്ള അനുവാദവും നേടിയെടുത്തു.
- അഞ്ചുതെങ്ങിനെ സൈനിക കേന്ദ്രമാക്കിമാറ്റിയതിൽ നാട്ടുകാർ ശക്തമായി പ്രതിഷേധിച്ചു.
- 1721ൽ ആറ്റിങ്ങൾ റാണിക്ക് സമ്മാനവുമായി പോയ 150-ഓളം ഇംഗ്ലീഷ് സംഘത്തെ നാട്ടുകാർ വധിച്ചു.
- ആറ്റിങ്ങൽ കലാപം എന്ന ഈ സംഘടിതകലാപം ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യ കലാപമാണ്.

13.
- ഡച്ചുകാരുടെ ആയുധബലത്തിനേറ്റ ആദ്യത്തെ ശക്തിയേറിയ പ്രഹരം.
- തിരുവിതാംകൂർ ഭരണാധികാരിയായ മാർത്താണ്ഡവർമ 1741ൽ ഡച്ചുകാരെ പരാജയപ്പെടുത്തിയ യുദ്ധം.
- കേരളം പിടിച്ചെടുക്കണമെന്ന മോഹം അസ്തമിച്ചു.
- ഡച്ചുകാർക്ക് കേരളം വിട്ടുപോകേണ്ടി വന്നു.

14.
- അച്ചടി ആരംഭിച്ചു.
- മലയാളത്തിൽ വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുവും തയ്യാറാക്കി.
- ജാതിമത ഭേദമന്യേ എല്ലാവർക്കും വിദ്യാഭ്യാസം നൽകി.
- സ്കൂളുകളും കോളേജുകളും ആരംഭിച്ചു.
- 1817ൽ ഗൗരി പാർവ്വതിഭായി പ്രൈമറി വിദ്യാഭ്യാസം സൗജന്യമായി വിളംബരം പുറപ്പെടുവിച്ചു.

15.
- രാഷ്ട്രീയ പ്രക്ഷോഭങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുത്ത് അവരുടെ രാഷ്ട്രീയ ബോധം പ്രകടിപ്പിച്ചു.
- ഗാന്ധിജിയുടെ രംഗപ്രവേശം കൂടുതൽ സ്ത്രീകളെ ആകർഷിച്ചു.
- മലബാർ കലാപം, വിദേശ വസ്ത്ര ബഹിഷ്ക്കരണം, മദ്യഷാപ്പ് പിക്കറ്റിംഗ്, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം, ഖാദി പ്രചാരണം എന്നിവ സ്ത്രീ പങ്കാളിത്തം കൊണ്ട് ശ്രദ്ധനേടി.
- 1931ൽ കോൺഗ്രസിന്റെ വടകര സമ്മേളനത്തിന്റെ ഭാഗമായി ആദ്യത്തെ മഹിളാ സമ്മേളനം ചേർന്നു.

നേതൃത്വം നൽകിയവർ

- മലബാർ- എ.വി. കുട്ടിമാളു അമ്മ
- തിരുവിതാംകൂർ - അക്കമ്മചെറിയാൻ, ആനിമസ്ക്രിൻ

16. ● കർഷകന് ഭൂമിയുടെ മേൽ അവകാശം ഉണ്ടായിരുന്നില്ല.

● ജന്മി, ബ്രിട്ടീഷുകാർ എന്നിവരുടെ അമിത നികുതി കർഷകരെ വലച്ചു.

● കർഷകർ ഇതിനെതിരെ കലാപങ്ങൾ സംഘടിപ്പിച്ചു. (മലബാർ കലാപം)

● കലാപത്തിനുശേഷമാണ് ഭൂമിയുടെ മേൽ കർഷകന് നാമമാത്രമായ അവകാശം ലഭിച്ചത്.

● പണ്ടാരപാട്ട വിളംബരം, ജന്മി-കുടിയാൻ നിയമം എന്നിവയിലൂടെയാണ് കുടിയാന്മാർക്ക് ഭൂമിയുടെ മേൽ അവകാശം ലഭിച്ചത്.

17. വൈക്കം സത്യാഗ്രഹം (1924)

● സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രധാന പ്രക്ഷോഭം.

● ടി.കെ. മാധവൻ നേതൃത്വം നൽകി. സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് മന്നത്ത് പത്മനാഭൻ സവർണജാഥ സംഘടിപ്പിച്ചു.

● സമരത്തെ തുടർന്ന് വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണ ജാതിക്കാർക്ക് അനുവാദം ലഭിച്ചു.

ഗുരുവായൂർ സത്യാഗ്രഹം (1931)

● ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിൽപ്പെട്ട ഹിന്ദുക്കൾക്കും പ്രവേശനം നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹം

● എ.കെ. ഗോപാലൻ ആയിരുന്നു വോളണ്ടിയർ ക്യാപ്റ്റൻ.

● ജനകീയ സമരങ്ങളുടെ ഫലമായി 1936 നവംബർ 12ന് തിരുവിതാംകൂർ ക്ഷേത്ര പ്രവേശന വിളംബരം നടന്നു.

18.

| ചെറുത്തുനിൽപ്പുകൾ | പ്രദേശം | നേതാക്കൾ | കാരണം |
|---|---|---|---|
| ●പഴശ്ശി കലാപം | മലബാർ | കേരള വർമ്മ പഴശ്ശിരാജ | ബ്രിട്ടീഷുകാരുടെ തെറ്റായ നികുതിനയം |
| ●പാലിയത്തച്ഛൻ കലാപം | കൊച്ചി | പാലിയത്തച്ഛൻ | ആഭ്യന്തര കാര്യങ്ങളിൽ അനിയന്ത്രിതമായി ഇടപെടുന്നതിനെതിരെ |
| ●വേലുത്തമ്പി ദളവ | തിരുവിതാംകൂർ | വേലുത്തമ്പി ദളവ | ഭരണകാര്യങ്ങളിൽ അനിയന്ത്രിതമായ ബ്രിട്ടീഷുകാരുടെ ഇടപെടൽ |
| ●കുറിച്യ കലാപം | വയനാട് | തലയ്ക്കൽ ചന്തു | തെറ്റായ നികുതി നയം |
| ●മാപ്പിള കലാപം | മലബാർ | കർഷകർ | കർഷകരുടെ അസംതൃപ്തി |

19.

| നിയമരംഗം | ആരോഗ്യ രംഗം |
|---|---|
| ●നീതിന്യായ വ്യവസ്ഥ പരിഷ്ക്കരിച്ചു. | ●അലോപ്പതി ചികിത്സ ആരംഭിച്ചു. |
| ●ഏകീകൃത ശിക്ഷാവിധികൾ നടപ്പിലാക്കി | ●വസൂരി തടയാനുള്ള കുത്തിവെയ്പ്പ് |
| ●നിയമത്തിനു മുമ്പിൽ എല്ലാവരും സമൻമാരായി | ●സർക്കാർ ആശുപത്രികൾ സ്ഥാപിച്ചു |
| ●വിവിധ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു | ●തിരുവിതാംകൂറിലേക്ക് ഇംഗ്ലണ്ടിൽ നിന്ന് മരുന്ന് വരുത്താൻ ഒരു കമ്പനിയെ നിയമിച്ചു. |

20.

| വ്യവസായങ്ങൾ | സ്ഥലങ്ങൾ |
|---|---|
| പേപ്പർമിൽ | പുനലൂർ |
| ഫാക്ട് | കളമശ്ശേരി |
| സിറാമിക്സ് | കുണ്ടറ |
| റബ്ബർവർക്സ് | തിരുവനന്തപുരം |
| ടാറ്റാ ഓയിൽ മിൽസ് | കൊച്ചി |
| അളഗപ്പ തുണിമിൽ | കൊച്ചി |

21. മലയാളി മെമ്മോറിയൽ (1891)

- സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ടുകൊണ്ട് 10000ൽ അധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം തിരുവിതാംകൂർ രാജാവിന് സമർപ്പിച്ചു.
- ബാരിസ്റ്റർ ജി.പി. പിള്ള നേതൃത്വം നൽകി.

ഈഴവ മെമ്മോറിയൽ (1896)

- ഡോ. പൽപ്പു ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച് തിരുവിതാകൂർ മഹാരാജാവിന് സമർപ്പിച്ച മെമ്മോറാണ്ടം.

22. ● സാമൂഹിക പരിഷ്കർത്താക്കളുടെ ആശയങ്ങൾ സാമൂഹിക മാറ്റത്തിനായുള്ള സമരങ്ങൾക്ക് പ്രചോദനമേകി.

- 1888ൽ ശ്രീനാരായണ ഗുരു അരുവിപ്പുറത്ത് ശിവ പ്രതിഷ്ഠ നടത്തി.
- ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത് എന്ന് അരുവിപ്പുറം ക്ഷേത്രത്തിന് മുന്നിൽ രേഖപ്പെടുത്തി.
- വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു.
- വിദ്യകൊണ്ട് പ്രബുദ്ധരാകാനും സംഘടനകൊണ്ട് ശക്തരാകാനും ഉദ്ബോധിപ്പിച്ചു.

● വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനും ആണെന്നുള്ള പ്രഖ്യാപനത്തോടെ സർവമത സമ്മേളനം വിളിച്ചുകൂട്ടി.

● ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന സന്ദേശം പ്രചരിപ്പിച്ചു.

23. ● തിരുവിതാംകൂറിൽ 1809 ജനുവരി 11ന് വേലുത്തമ്പിദളവ പുറപ്പെടുവിച്ച വിളംബരം.

● ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്ത് പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു.

● ദളവയുടെ സൈന്യം ബ്രിട്ടീഷ് റസിഡന്റ് മെക്കാളെയുടെ ഔദ്യോഗിക വസതി ആക്രമിച്ചു.

● ബ്രിട്ടീഷ് സൈന്യത്തിനു മുമ്പിൽ പിടിച്ചു നിൽക്കാൻ സാധിച്ചില്ല.

● പിടിക്കപ്പെടുമെന്നുറപ്പായപ്പോൾ ദളവ ആത്മഹത്യ ചെയ്തു.

24. ● 1921ൽ ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു.

● തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു.

● ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനം കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനഃസംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

● ഐക്യകേരള പ്രമേയം പാസാക്കി.

● 1949ൽ തിരുവിതാംകൂറിനെയും കൊച്ചിയേയും സംയോജിപ്പിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു

● ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഒന്നേകാൽകോടി മലയാളികൾ എന്ന ഗ്രന്ഥത്തിലൂടെ മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് സൂചിപ്പിച്ചു.

● ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകരിക്കുന്നതിൽ പ്രക്ഷോഭം രൂക്ഷമായി. തുടർന്ന കേന്ദ്ര ഗവൺമെന്റ് സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ രൂപീകരിച്ചു.

● 1956 നവംബർ, മലബാർ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ ഉൾപ്പെടുത്തി കേരള സംസ്ഥാനം രൂപീകൃതമായി.

25.

| മലബാർ | തിരുവിതാംകൂർ | കൊച്ചി |
|---|---|---|
| ●1961ൽ ആനിബസന്റിന്റെ നേതൃത്വത്തിൽ മലബാർ ജില്ല കോൺഗ്രസിന്റെ പ്രഥമ സമ്മേളനം | ●1891 മലയാളി മെമ്മോറിയൽ ജി.പി. പിള്ള | ●1936 ഇല്ട്രിസിറ്റി സമരം |
| ●1920 മഞ്ചേരിയിൽ അവസാനത്തെ മലബാർ രാഷ്ട്രീയ സമ്മേളനം | ●1896 ഈഴവ മെമ്മോറിയൽ -ഡോ. പൽപ്പു | ●വൈദ്യുതി വിതരണം സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചതിനെതിരെ |
| ●1920 ഖിലാഫത്ത് കമ്മിറ്റി രൂപീകരണം | ●സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയെ നാടുകടത്തൽ- രാഷ്ട്രീയ പ്രക്ഷോഭങ്ങൾ | ●1941-കൊച്ചി രാജ്യപ്രജാ മണ്ഡലം രൂപീകരിച്ചു. |
| ●1921-മലബാർ കലാപം | ●1932- നിവർത്തന പ്രക്ഷോഭം | ●ഇ. ഇക്കണ്ട വാര്യർ, പനമ്പള്ളി ഗോവിന്ദ മേനോൻ, കെ. അയ്യപ്പൻ |

| | | |
|---|---|---|
| •1930-നിയമലംഘന പ്രസ്ഥാനം -ഉപ്പുനിയമം ലംഘിച്ചു.<br>•1934 കേരള സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു.<br>•കയ്യൂർ, മൊറാഴ, കരിവെള്ളൂർ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ കർഷക സമരങ്ങൾ | •സർക്കാർ ഉദ്യോഗങ്ങളിലും നിയമ സഭയിലും ജനസംഖ്യാനുപാതികമായി സംവരണം.<br>•1938- തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ്- പട്ടം താണുപിള്ള.<br>•1946 പുന്നപ്ര-വയലാർ സമരം ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണ പരിഷ്കാരങ്ങൾക്ക് എതിരെ | എന്നിവർ കൊച്ചി രാജ്യപ്രജാ മണ്ഡലം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. |

26.

| സാമൂഹ്യ പരിഷ്കർത്താക്കൾ | പ്രവർത്തനങ്ങൾ/പ്രസ്ഥാനങ്ങൾ |
|---|---|
| വൈകുണ്ഠ സ്വാമികൾ | സമത്വസമാജം |
| ചട്ടമ്പിസ്വാമികൾ | കൂട്ടുകുടുംബവ്യവസ്ഥ, സംബന്ധം, മരുമക്കത്തായം എന്നിവയ്ക്ക് എതിരെ പോരാടി. |
| ശ്രീനാരായണഗുരു | ശ്രീനാരായണ ധർമ്മ പരിപാലനയോഗം |
| അയ്യങ്കാളി | സാധുജന പരിപാലന സംഘം |
| വാഗ്ഭടാനന്ദൻ | ആത്മ വിദ്യാസംഘം |
| സഹോദൻ അയ്യപ്പൻ | സഹോദരപ്രസ്ഥാനം |
| മന്നത്ത് പത്മനാഭൻ | നായർ സർവ്വീസ് സൊസൈറ്റി |
| വിടി ഭട്ടതിരിപ്പാട് | യോഗക്ഷേമസഭ |
| കുര്യാക്കോസ് ഏലിയാസ് ചാവറ | അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു. |
| വക്കം അബ്ദുൽഖാദർ മൗലവി | തിരുവിതാംകൂർ മുസ്ലീം മഹാജനസഭ |
| കുമാരഗുരുദേവൻ | പ്രത്യക്ഷ രക്ഷാ ദൈവസഭ |
| പണ്ഡിറ്റ് കെ.പി. കറുപ്പൻ | അരയസമാജം |
| (ഏതെങ്കിലും 5 എണ്ണം എഴുതണം) | |

27.

| സംഭവങ്ങൾ | വ്യക്തികൾ |
|---|---|
| കുണ്ടറ വിളംബരം | വേലുത്തമ്പിദളവ |
| വൈക്കം സത്യാഗ്രഹം | ടി.കെ. മാധവൻ |
| ഗുരുവായൂർ സത്യാഗ്രഹം | കെ. കേളപ്പൻ |
| കിഴരിയൂർ ബോംബ് കേസ് | കെ.ബി. മേനോൻ |
| മലയാളി മെമ്മോറിയൽ | ജി.പി. പിള്ള |
| ഈഴവ മെമ്മോറിയൽ | ഡോ. പൽപ്പു |

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. മലയാള ഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം ? (1)
2. നോട്ടുകുറിക്കുക?
   - പണ്ടാരപ്പാട്ട വിളംബരം (2)
3. കേരളത്തിന്റെ വ്യാവസായിക മേഖലയിൽ ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടായ പുരോഗതി പട്ടികപ്പെടുത്തുക?

   സൂചന:- തോട്ടവ്യവസായം, പരമ്പരാഗത വ്യവസായം, ആധുനിക വ്യവസായം (3)
4. കേരളത്തിന്റെ സാമൂഹിക മാറ്റത്തിനായി നടന്ന സമരങ്ങൾ, വർഷം എന്നിവ പട്ടികപ്പെടുത്തുക? (4)

## ഉത്തരങ്ങൾ

1. സംക്ഷേപ വേദാർഥം
2. - 1865ൽ തിരുവിതാംകൂർ സർക്കാർ പുറപ്പെടുവിച്ച വിളംബരം.
   - പണ്ടാരം വക (സർക്കാർവക) ഭൂമിയിലെ കുടിയാന്മാർക്ക് അവർ കൃഷിചെയ്യുന്ന ഭൂമി സ്വന്തമായി നൽകി
3.

| തോട്ട വ്യവസായം | പരമ്പരാഗത വ്യവസായം | ആധുനിക വ്യവസായം |
|---|---|---|
| •തോട്ടവിള സംസ്കരണത്തിനും കയറ്റി അയക്കുന്നതിനുമായി മലയോര മേഖല ആരംഭിച്ച വ്യവസായങ്ങൾ<br>ഉദാ: തേയില ഫാക്ടറികൾ, റബ്ബർ ഫാക്ടറികൾ | •പരമ്പരാഗത രീതിയിൽ കൈവേലയെ ആശ്രയിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൾ<br>ഉദാ: എണ്ണയാട്ടു മില്ലുകൾ, കയർ ഫാക്ടറികൾ | •വലിയ ഫാക്ടറികളിൽ യന്ത്രങ്ങളുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൾ.<br>ഉദാ: പുനലൂർ പേപ്പർ മിൽ, കുണ്ടറ സിറാമിക്സ് |

4.

| സമരങ്ങൾ | വർഷം |
|---|---|
| ●ചാന്നാർ ലഹള | 1859 |
| ●അരുവിപ്പുറം പ്രതിഷ്ഠ | 1888 |
| ●വൈക്കം സത്യാഗ്രഹം | 1924 |
| ●ഗുരുവായൂർ സത്യാഗ്രഹം | 1931 |

അധ്യായം – 9

# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

## ആമുഖം

വളരെ പ്രാധാന്യം ഉൾക്കൊള്ളുന്ന ഒരു പഠന ശാഖയാണ് രാഷ്ട്രതന്ത്ര ശാസ്ത്രം. സമൂഹത്തിന്റെ വളർച്ചക്കും വികാസത്തിനും മനുഷ്യന്റെ ജീവിത മേഖലകളിലും രാഷ്ട്രതന്ത്ര ശാസ്ത്രം ചെലുത്തുന്ന സ്വാധീനം വലുതാണ്. സാമൂഹ്യവ്യവസ്ഥയിലെ പ്രധാന സ്ഥാപനം എന്ന നിലയിൽ രാഷ്ട്രത്തെ വിശകലനം ചെയ്യുകയും രാഷ്ട്രത്തിന്റെ ചുമതലകളും രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരം ബന്ധം തിരിച്ചറിയലുമാണ് ഈ അധ്യായത്തിന്റെ പ്രധാന ലക്ഷ്യം. ഏത് വിഷയത്തേയും വിമർശനാത്മകമായി വിശകലനം ചെയ്യാനും ക്രിയാത്മകമായി അതിൽ ഇടപെടുന്നതിനും രാഷ്ട്രതന്ത്രപഠനം സഹായിക്കുന്നു.

### ആശയങ്ങൾ

1. രാഷ്ട്രം എന്തെന്ന് തിരിച്ചറിയുന്നതിന്.
2. ഒരു രാഷ്ട്രത്തിന്റെ ഘടകങ്ങൾ എന്തെല്ലാം എന്ന് തിരിച്ചറിയുന്നു.
3. ഒരു രാഷ്ട്രത്തിന്റെ ചുമതലകൾ
4. രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ.
5. രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ.
6. പരമാധികാരം അതിന്റെ ആഭ്യന്തര ബാഹ്യതലങ്ങൾ.
7. പൗരത്വം എന്ത്.
8. ആർജ്ജിത പൗരത്വം സ്വാഭാവിക പൗരത്വം.
9. രാഷ്ട്രതന്ത്രശാസ്ത്രം എന്ത്.
10. രാഷ്ട്രതന്ത്ര പഠനശാസ്ത്രം എന്തിനുവേണ്ടി.

### ചോദ്യങ്ങൾ

1. രാഷ്ട്രം എന്നാൽ എന്ത്? (2)
2. ഒരു രാഷ്ട്രത്തിന്റെ ഘടകങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തുക ? (4)
3. രാഷ്ട്രത്തിന്റെ ചുമതലകൾ പട്ടികപ്പെടുത്തുക? (2)
4. രാഷ്ട്ര രൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ഏതെല്ലാം? (4)
5. രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകളെക്കുറിച്ച് വിശകലനം ചെയ്യുക.? (4)
6. പരമാധികാരത്തിന്റെ ആഭ്യന്തര ബാഹ്യതലങ്ങൾ വിലയിരുത്തുക ? (2)
7. ആർജ്ജിത പൗരത്വം സ്വാഭാവിക പൗരത്വം ഇവയെന്തെന്ന് വിശദമാക്കുക? (2)
9. രാഷ്ട്രതന്ത്ര പഠന ശാസ്ത്രത്തിന്റെ ആവശ്യകത എന്ത്? (2)

# ഉത്തരസൂചിക

1. ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോട് കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

2. 
   - ജനങ്ങൾ
   - ഭൂപ്രദേശം
   - ഗവൺമെന്റ്
   - പരമാധികാരം

3. 
   - ക്രമസമാധാനം ഉറപ്പുവരുത്തുക.
   - തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
   - വികസന പദ്ധതികൾ നടപ്പാക്കുക.
   - നിയമങ്ങൾ നടപ്പിലാക്കുക
   - നീതി ഉറപ്പുവരുത്തുക (4 എണ്ണം)

4. 
   - ദൈവദത്തസിദ്ധാന്തം
   - പരിണാമ സിദ്ധാന്തം
   - സാമൂഹ്യ ഉടമ്പടി സിദ്ധാന്തം
   - ശക്തി സിദ്ധാന്തം

5. 

| നിർബന്ധിത ചുമതല | വിവേചനപരമായ ചുമതല |
|---|---|
| എ) അതിർത്തി സംരക്ഷണം | ആരോഗ്യസംരക്ഷണം നല്കുക. |
| ബി) ആഭ്യന്തര സമാധാനം | വിദ്യാഭ്യാസ സൗകര്യം ഒരുക്കുക. |
| സി) അവകാശ സംരക്ഷണം | ക്ഷേമപദ്ധതികൾ നടപ്പിലാക്കുക |
| ഡി) നീതിനടപ്പാക്കൽ | ഗതാഗതസൗകര്യം ഒരുക്കുക. |

6. 
   - ആഭ്യന്തരതലം
     ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയത്തിലും തീരുമാനമെടുക്കാനുള്ള അധികാരം
   - ബാഹ്യതലം
     അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കാനുള്ള അധികാരം

7. ജന്മനാ ലഭിക്കുന്ന പൗരത്വം സ്വാഭാവിക പൗരത്വം
   ഒരു രാജ്യത്ത് നിലവിലുള്ള നിയമാനുസൃത നടപടികൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വം ആർജ്ജിത പൗരത്വം.

8. പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ മേന്മയും മികവും, നമ്മൾ എങ്ങനെ സമൂഹത്തിലെ രാഷ്ട്രീയ പ്രക്രിയായി ഇടപെടുന്നു എന്നും പൊതുവായ വിഷയത്തിൽ യുക്തിപൂർവ്വം എങ്ങനെ ഇടപെടണമെന്നും മനസിലാക്കുന്നതിന് രാഷ്ട്രതന്ത്ര പഠനശാസ്ത്രം നമ്മെ സഹായിക്കുന്നു.

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. പൗരത്വം എന്നാൽ എന്ത്? (1)
2. പൗരത്വം എത്ര തരത്തിലുണ്ട്? ഏതെല്ലാം? (2)
3. രാഷ്ട്രതന്ത്രശാസ്ത്രം എന്നാൽ എന്ത്? (1)
4. താഴെതന്നിരിക്കുന്നതിൽ രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പിതാവ് ആര്? (1)
   (a) ഹെറോഡോട്ടസ്, b) പൈതഗോറസ്, c) ആഡംസ്മിത്ത്, d) അരിസ്റ്റോട്ടിൽ)
5. രാഷ്ട്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അരിസ്റ്റോട്ടിലിന്റെ പുസ്തകം ഏത്? (1)

## ഉത്തരങ്ങൾ

1. ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം.
2. രണ്ട് തരത്തിലുണ്ട്
   - ആർജിത പൗരത്വവും
   - സ്വാഭാവിക പൗരത്വവും
3. രാഷ്ട്രം ഗവൺമെന്റ് എന്നിവയുടെ പഠനമാണ് രാഷ്ട്രതന്ത്ര ശാസ്ത്രം.
4. d) അരിസ്റ്റോട്ടിൽ
5. പൊളിറ്റിക്സ്

**അധ്യായം – 10**

# പൗരബോധം

## ആമുഖം

ഒരു സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും സുസ്ഥിരമായ നിലനിൽപ്പിനും പൗരബോധം അത്യാവശ്യമാണ്. ജനാധിപത്യത്തിന്റെയും രാഷ്ട്ര നിർമ്മാണത്തിന്റെയും പൂർണ്ണതയ്ക്ക് പൗരബോധം അത്യാവശ്യമാണ്. ഒരു പൗരന്റെ സാമൂഹ്യബോധതലത്തിലുള്ള വികാസമാണ് പൗരബോധം. ഇതിന്റെ പശ്ചാത്തലത്തിൽ വിനിമയം ചെയ്യുന്ന പാഠഭാഗമാണ് പൗരബോധം.

### ആശയങ്ങൾ

1. പൗരബോധം
2. പൗരബോധം ഇടപെടുന്ന ഘടകങ്ങൾ.
3. പൗരബോധം വളർത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്
4. പൗരബോധം വളർത്തുന്നതിൽ ധാർമ്മികതയുടെ പങ്ക്
5. സാമൂഹ്യശാത്രപഠനം പൗരബോധ രൂപീകരണത്തിന് എങ്ങിനെ സഹായിക്കുന്നു.
6. പൗരബോധം നേരിടുന്ന വെല്ലുവിളികൾ, പരിഹാര മാർഗ്ഗം.
7. സമൂഹം നേരിടുന്ന ധാർമ്മികവും അധാർമ്മികവുമായ പ്രവർത്തനങ്ങൾ
8. പൗരബോധ രൂപീകരണത്തിന് സാമൂഹ്യ ശാസ്ത്രത്തെ എങ്ങനെ ഉപയോഗപ്പെടുത്താം.

## ചോദ്യങ്ങൾ

1. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാനഘടകങ്ങൾ പട്ടിക പൂർത്തിയാക്കുക? (2)

കുടുംബം

↓

എ)..............................................

↓

വിദ്യാഭ്യാസം

↓

ബി)..............................................

↓

സി)..............................................

↓

ഡി)..............................................

2. പൗരബോധ രൂപീകരണത്തിനുതകുന്ന ഏതെല്ലാം പ്രവർത്തനങ്ങൾ വിദ്യാഭ്യാസത്തിലൂടെ നേടാൻ കഴിയും? കുറിപ്പ് തയ്യാറാക്കുക. (3)
3. പൗരബോധം വളർത്തിയെടുക്കുന്നതിൽ ധാർമ്മികത വഹിക്കുന്ന പങ്ക് വിശദമാക്കുക? (4)
4. സമൂഹശാസ്ത്ര പഠനം പൗരബോധ രൂപീകരണത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം വിശദമാക്കുക? (4)
5. പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹാര മാർഗ്ഗങ്ങൾ ഇവ വിശദമാക്കുക? (3)
6. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്രത്തെ എങ്ങിനെ ഉപയോഗപ്പെടുത്താം ? (3)

## ഉത്തരസൂചിക

1. എ) സംഘടനകൾ ബി) മാധ്യമങ്ങൾ സി) വിദ്യാഭ്യാസം ഡി) രാഷ്ട്രീയ, സാമൂഹ്യവ്യവസ്ഥകൾ
2. മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിന് സാധിക്കും. ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസത്തിലൂടെ സാധിക്കണം.
3. നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയുമാണ് ധാർമ്മികത പൗരബോധത്തെ സഹായിക്കുന്നു. ജീവിതത്തിന്റെ എല്ലാമേഖലകളിലും ധാർമ്മികത സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം.
4. 
   - വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
   - വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദ്ദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
   - സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
   - രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-പാരസ്ഥിതിക പ്രശ്നങ്ങളുടെ പശ്ചാത്തലങ്ങൾ മനസിലാക്കാൻ സഹായിക്കുന്നു.
5. 
   - ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
   - പൊതുതാത്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താത്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.
   - മറ്റുള്ളവരിൽ നിന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്ന് തുടങ്ങുക.
6. 
   - വൈവിധ്യങ്ങളെ ബഹുമാനിക്കാനും, സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
   - രാഷ്ട്രീയ സാമൂഹ്യ, സാമ്പത്തിക, പാരിസ്തിക പ്രവർത്തനങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസിലാക്കാൻ സഹായിക്കുന്നു.
   - വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
   - സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേയും സന്ദേശം ജനങ്ങളിൽ എത്തിക്കുന്നു.
   - പൗരബോധത്തിന്റെ ഉത്തമ മാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമ്മനിരതരാക്കുകയും ചെയ്യുന്നു (ഏതെങ്കിലും 2 എണ്ണം)

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. പൗരബോധം എന്നാൽ എന്ത്? (1)
2. സമൂഹത്തിൽ നിലനിൽക്കുന്ന ധാർമ്മിക അധാർമ്മിക പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക (4)

## ഉത്തരങ്ങൾ

1. ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താത്പര്യങ്ങളാണ് പൗരന്റേത് എന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.
2. ധാർമ്മിക പ്രവർത്തനങ്ങൾ
   - ജോലി ചെയ്ത് പണം സമ്പാദിക്കുന്നു
   - പൊതുമുതൽ സംരക്ഷിക്കുന്നു.
   - സഹജീവികളെ സഹായിക്കുന്നു.
   - നന്മയെ സ്വീകരിക്കുന്നു
   - കടമകൾ നിർവഹിക്കുന്നു.

   അധാർമ്മിക പ്രവർത്തനങ്ങൾ
   - മറ്റുള്ളവരെ ചൂഷണം ചെയ്യുന്നു
   - പൊതുമുതൽ നശിപ്പിക്കുന്നു
   - സഹജീവികളെ ദ്രോഹിക്കുന്നു
   - തിന്മയെ സ്വീകരിക്കുന്നു.
   - കടമകൾ മറക്കുന്നു.

   (ഏതെങ്കിലും 2 എണ്ണം വീതം)

**അധ്യായം – 11**

# സാമൂഹ്യ ശാസ്ത്രം എന്ത്? എന്തിന്?

## ആമുഖം

സമൂഹജീവിയായ മനുഷ്യന് സങ്കീർണ്ണമായ സാമൂഹ്യജീവിതത്തിന്റെ വിവിധതലങ്ങലുടെ പഠനത്തിനായി വിവിധ വിജ്ഞാന ശാഖകൾ പഠനവിധേയമാക്കേണ്ടതുണ്ട്. സമൂഹജീവിതം പല ഘട്ടങ്ങളിലൂടെ ഉരുത്തിരിഞ്ഞ് വന്നിട്ടുള്ളതാണ്. സമൂഹത്തിന്റെ ഭാഗമാണ് വ്യക്തിയെന്നും അതിന്റെ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പങ്ക് തനിക്കുകൂടി ഉള്ളതാണെന്നുമുള്ള മനോഭാവം സൃഷ്ടിക്കുവാനും ഉത്തമവ്യക്തികളായി വളരുവാൻ കുട്ടികൾക്ക് പ്രേരണ നൽകുവാനും യൂണിറ്റിന്റെ അപഗ്രഥനം വഴി സാധിക്കുന്നു.

### ആശയങ്ങൾ

1. സമൂഹ ശാസ്ത്രം ചരിത്രത്തിന്റെ ഭാഗമായതിനാൽ അതിൽ സർഗരചനയുടെ സ്വാധീനം ഉണ്ടാകാറുണ്ട്.
2. സമൂഹശാസ്ത്രവും വിപ്ലവ സൃഷ്ടിയാണ് അത് പരിണാമ വിധേയമാക്കിക്കൊണ്ടിരിക്കുന്നു.
3. സമൂഹശാസ്ത്രത്തിന് വ്യത്യസ്ത തലങ്ങളുണ്ട്.
4. വിദ്യാഭ്യാസപരവും പ്രായോഗികവുമായ ആവശ്യത്തിന് സമൂഹത്തെ ശാസ്ത്രീയ പഠനത്തിന് വിധേയമാക്കുന്നു.
5. സമൂഹശാസ്ത്ര പഠനരീതികളും പ്രായോഗികതയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

### ചോദ്യങ്ങൾ

1. സമൂഹശാസ്ത്രം പഠിക്കുന്നതിനായി ജീവശാസ്ത്ര പരിണാമത്തെ ഉപയോഗിച്ച ചിന്തകൻ ആര്? (1)
2. വിപ്ലവയുഗം എന്നറിയപ്പെടുന്ന നൂറ്റാണ്ട് (1)
3. ഇന്ത്യയിലെ ആദ്യത്തെ സമൂഹശാസ്ത്രപഠന വകുപ്പ് (1)
4. വിവരശേഖരണത്തിനായി ഗവേഷകർ പ്രയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയുടെ പേര് (1)
5. പഠനവിധേയമാക്കുന്ന സംഘം അറിയപ്പെടുന്ന പേര്? (1)
6. സമൂഹശാസ്ത്രം എന്നാൽ എന്ത്? (2)
7. എന്താണ് കേസ് സ്റ്റഡി? (2)
8. പ്രധാന പാശ്ചാത്യ സമൂഹ ശാസ്ത്ര ചിന്തകർ (2)
9. സമൂഹ ശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ മൂന്ന് വിപ്ലവങ്ങൾ (2)
10. സർഗ്ഗ രചനയും സമൂഹശാസ്ത്ര പഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? (4)
11. വിവിധ സാമൂഹ്യ ശാസ്ത്ര ശാഖകൾ ഏതെല്ലാം? (4)
12. സാമൂഹിക ശാസ്ത്രത്തിലെ പഠനരീതികൾ ഏതെല്ലാം? (4)

13. അഭിമുഖവും ചോദ്യാവലിയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം? (6)
14. സമൂഹശാസ്ത്രത്തിന് അഗസ്തെകോംതെ ഹെർബർട്ട് സ്പെൻസർ എന്നിവരുടെ സംഭാവനകൾ വ്യക്തമാക്കുക? (6)
15. പങ്കാളിത്ത നിരീക്ഷണവും പങ്കാളിത്ത രഹിത നിരീക്ഷണവും തമ്മിലുള്ള വ്യത്യാസം എന്ത്? (6)
16. അഭിമുഖത്തിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട് അവ ഏതെല്ലാം? (4)
17. സമൂഹശാസ്ത്ര പഠനത്തിന്റെ പ്രസക്തി വ്യക്തമാക്കുക (6)
18. സമൂഹത്തെക്കുറിച്ച് പഠിക്കാൻ ഏറ്റവും നല്ല മാർഗ്ഗം സർവ്വെയാണ് എന്തുകൊണ്ട് ? (2)

## ഉത്തരസൂചിക

1. ഹെർബർട്ട് സ്പെൻസർ
2. പത്തൊൻപതാം നൂറ്റാണ്ട്
3. ബോംബെ സർവ്വകലാശാല
4. ചോദ്യാവലി
5. പ്രതികർത്താക്കൾ
6. മനുഷ്യജീവിതത്തിന്റെ സാമൂഹിക വശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം. മനുഷ്യനും സാമൂഹിക ചുറ്റുപാടും തമ്മിലുള്ള ബന്ധം സമഗ്രമായി പഠനവിധേയമാക്കുന്ന വിഷയ മേഖലയാണ് സമൂഹശാസ്ത്രം.
7. അപൂർവ്വവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കുന്നതിനെയാണ് കേസ് സ്റ്റഡി എന്നുപറയുന്നത്.
8. അഗസ്ത് കോംതെ, ഹെർബർട്ട് സ്പെൻസർ, കാൾമാർക്സ്, എമൈൽ ദുർഖീം, മാക്സ്വെബർ
9. ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം, ഫ്രഞ്ച് വിപ്ലവം, വ്യാവസായിക വിപ്ലവം.
10.

| സർഗ്ഗ രചന | സമൂഹശാസ്ത്ര പഠനം |
|---|---|
| • ഭാവന, സർഗ്ഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു. സാമൂഹിക സംഭവങ്ങളെ സൗന്ദ ര്യാത്മക തലങ്ങളിൽ ആവിഷ്ക്കരി ക്കുന്നു. ആസ്വാദനം ലക്ഷ്യം വെക്കുന്നു. | • സാമൂഹിക പ്രതിഭാസങ്ങൾ വിഷയങ്ങൾ എന്നിവ ശാസ്ത്രീയ മായി വിശകലനം ചെയ്യുന്നു. സാമൂ ഹികാവസ്ഥകളെ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു. സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു. |

11.. • സാമ്പത്തിക ശാസ്ത്രം
- ഭൂമിശാസ്ത്രം

- മനഃശാസ്ത്രം
- ചരിത്രം
- നരവംശശാസ്ത്രം
- രാഷ്ട്രതന്ത്ര ശാസ്ത്രം

12.
- സോഷ്യൽ സർവ്വേ
- അഭിമുഖം
- നിരീക്ഷണം
- കേസ് സ്റ്റഡി

13. അഭിമുഖം
- വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു.
- ഗവേഷകർ വിവരങ്ങൽ രേഖപ്പെടുത്തുന്നു.
- വിവര ശേഖരണത്തിന് ചോദ്യാവലി മുൻകൂട്ടി തയ്യാറാക്കുന്നു.

ചോദ്യാവലി
- വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നു
- പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു
- ചോദ്യങ്ങൾ വായിച്ച് ഉത്തരം കണ്ടെത്തി രേഖപ്പെടുത്തുന്നു.

14. അഗസ്തെ കോംതെ

ഫ്രെഞ്ചുകാരനായ അഗസ്തെ കോംതെയുടെ ചിന്തകളാണ് സമൂഹശാസ്ത്ര പഠനത്തിന് അടിത്തറ പാകിയത്. കോംതെ രൂപപ്പെടുത്തിയ വിജ്ഞാനമേഖലയെ ആദ്യം സാമൂഹിക ഭൗതിക ശാസ്ത്രം എന്നും പിന്നീട് സമൂഹശാസ്ത്രം എന്നും വിളിച്ചു. അഗസ്തെ കോംതെയാണ് സമൂഹശാസ്ത്രത്തിന്റെ പിതാവ്.

ഹെർബർട്ട് സ്പെൻസർ

ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്ത തത്ത്വങ്ങൾ സമൂഹ പഠനത്തിന് പ്രയോജനപ്പെടുത്തി ജീവശാസ്ത്രപരമായ പരിണാമം പോലെ തന്നെ മനുഷ്യസമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥിയിലെത്തിച്ചേർന്നതെന്ന് വ്യക്തമാക്കി.

15. പങ്കാളിത്ത നിരീക്ഷണം

നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്നു. സമൂഹശാസ്ത്രജ്ഞർ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നു. ഇതിനായി ഗവേഷകൻ അവരുടെ ഭാഷ, സംസ്കാരം എന്നിവ പഠിക്കുകയും ദൈനംദിന ജീവിതത്തിൽ പങ്കാളികളാവുകയും ചെയ്യുന്നു. ഇതുവഴി പ്രകടമല്ലാത്ത പെരുമാറ്റ രീതികൾ വരെ പഠനവിധേയമാക്കാൻ കഴിയുന്നു.

പങ്കാളിത്ത രഹിത നിരീക്ഷണം

ഇതിൽ സമൂഹശാസ്ത്രജ്ഞർ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.


16. • ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ
    • ഫലവത്തായ രീതിയിലുള്ള ആശയവിനിമയം
    • സമയക്രമീകരണം
    • ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയ്യാറാക്കലും.
17. • സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.
    • സ്വന്തം സമൂഹത്തെയും മറ്റ് സമൂഹങ്ങളെയും വസ്തുനിഷ്ഠമായി അറിയാൻ സഹായിക്കുന്നു.
    • വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.
    • സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
    • സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.
18. സർവ്വെ തിരഞ്ഞെടുക്കുന്ന ഒരു സംഘം ജനങ്ങളിൽ നിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഠന വിഷയത്തെക്കുറിച്ച് സമന്വമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സഹായിക്കുന്നു.

    വലിയ ഒരു വിഭാഗം ജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കേണ്ടിവരുന്ന പഠനത്തിലാണ് സർവ്വെ ഉപയോഗിക്കുന്നത്.

# കൈത്താങ്ങ്

## ചോദ്യങ്ങൾ

1. സമൂഹശാസ്ത്രത്തിന്റെ പിതാവ് (1)
2. നിശ്ചിത എണ്ണം അംഗങ്ങളിൽ നിന്ന് വിവരം ശേഖരിച്ച് പഠനവിധേയമാക്കുന്ന രീതി (1)
3. വാമൊഴിയായി വിവരംശേഖരിക്കുന്ന രീതി (1)
4. പദസൂര്യൻ പൂർത്തിയാക്കുക. (2)





5. ചേരുംപടി ചേർക്കുക. (4)

| | |
|---|---|
| മനശാസ്ത്രം | സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം |
| നരവംശ ശാസ്ത്രം | ഭൂതകാലവും സംസ്കാരവും സംബന്ധിച്ച പഠനം |
| സാമ്പത്തിക ശാസ്ത്രം | രാജ്യത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം |
| ചരിത്രം | മനുഷ്യവംശത്തെക്കുറിച്ചുള്ള പഠനം |
| സമൂഹശാസ്ത്രം | മനുഷ്യമനസ്സിനെക്കുറിച്ചും മാനസിക അവസ്ഥയെക്കുറിച്ചുമുള്ള പഠനം |
| രാഷ്ട്രതന്ത്ര ശാസ്ത്രം | മനുഷ്യനും സമൂഹവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം |

# ഉത്തരങ്ങൾ

1. അഗസ്തെ കോംതെ
2. സാമ്പിൾ സർവെ
3. അഭിമുഖം
4.




5.

| | |
|---|---|
| മനശാസ്ത്രം | സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം |
| നരവംശ ശാസ്ത്രം | ഭൂതകാലവും സംസ്കാരവും സംബന്ധിച്ച പഠനം |
| സാമ്പത്തിക ശാസ്ത്രം | രാജ്യത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം |
| ചരിത്രം | മനുഷ്യവംശത്തെക്കുറിച്ചുള്ള പഠനം |
| സമൂഹശാസ്ത്രം | മനുഷ്യമനസ്സിനെക്കുറിച്ചും മാനസിക അവസ്ഥയെക്കുറിച്ചുമുള്ള പഠനം |
| രാഷ്ട്രതന്ത്ര ശാസ്ത്രം | മനുഷ്യനും സമൂഹവുമായുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം |